ISSN:2583-2484

# ശാംഭവി

ത്രൈമാസിക


SHAAMBHAVI | Book 13 | October - December 2024 | Edition 4



# പത്രാധിപക്കുറിപ്പ്

ലോകത്ത് ഉണ്ടായവക്കെല്ലാം ഉണ്മ , ജന്മം, വർദ്ധനവ്, മാറ്റം, ക്ഷയം , നാശം എന്നിങ്ങനെ ആറ് അവസ്ഥകൾ ഉണ്ടല്ലോ. ഇല്ലാത്തത് എന്ന ഒരു വസ്തു ഇല്ലല്ലോ (ഉണ്മ ). എന്നാൽ ജനിച്ചതായി നാം അറിയുന്നു (ജന്മം). ഉണ്ടായതിനെല്ലാം വർദ്ധനവ് കാണുന്നു. അതിൽ തന്നെ മാറ്റങ്ങളും കാണാം. പിന്നീട് ക്ഷയിയ്ക്കുന്നതായും കാണുന്നു. അവസാനം നശിയ്ക്കുന്നു. ഉദാഹരണമായി ചന്ദ്രനെ നോക്കു. ഇല്ലാത്ത ഒന്നല്ലല്ലോ ചന്ദ്രൻ . ഉണ്മയുണ്ട്. അമാവാസിയ്ക്ക് പിറ്റേന്ന് പ്രത്യക്ഷപ്പെടുന്നു. ഓരോ ദിവസവും വർദ്ധിക്കുന്നു. മാറ്റം സംഭവിക്കുന്നു. പൗർണമിയ്ക്ക് പിറ്റേന്ന് ക്ഷയിക്കുന്നതായി കാണാം. അവസാനം തീരെ ഇല്ലാത്തത് പോലെ കാണാം.

എന്നാൽ എല്ലാ ദിവസവും ചന്ദ്രൻ പൂർണ്ണരൂപത്തിൽ ഉണ്ടെന്നതും സത്യമാണ്. വളരുന്നതായും ക്ഷയിക്കുന്നതായും നശിയ്ക്കുന്നതായും കാണുന്നതും സത്യമാണ് . ചന്ദ്രന്റെ സ്ഥാനത്ത് നമ്മുടെ സ്ഥിതിയും ഇതു തന്നെ. മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന നിത്യ ജീവിതത്തിൽ ഒന്ന് മാത്രമേ പ്രവർത്തിക്കേണ്ടതായിട്ട് നമുക്കുള്ളു. അത് " ആത്മനോ മോക്ഷാർത്ഥം ജഗദ്ധിതായ ച " 'അവനവന് ആത്മസുഖത്തിനായി ആചരിയ്ക്കുന്നവ അപരന് സുഖത്തിനായി വരണം എന്ന നാരായണഗുരുവചനം തന്നെ ഇതിനർത്ഥം. ഇത് രണ്ടും പൊരുത്തമുള്ളതായിത്തീരും സ്വഭാവത്തിലധിഷ്ഠിതമായ സ്വപ്രവൃത്തികൊണ്ട്. അങ്ങനെ നമ്മുടെ സ്വാതന്ത്ര്യം ലോക ഹിതമായി ഭവിക്കും. ഇതിന് നമുക്ക് ശ്രമിയ്ക്കാം എന്നനുസ്മരിച്ചുക്കൊണ്ട് ഇത്തവണത്തെ ശാംഭവി സമർപ്പിയ്ക്കട്ടെ.



# ശാംഭവി

## ത്രൈമാസിക

സൌജന്യ വിതരണത്തിന്

പുസ്തകം 13 ലക്കം 04 ഒക്ടോബർ – ഡിസംബർ 2024

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ – 680 712

shripuramtrust@yahoo.co.in
www.shripuram.org

### എഡിറ്റോറിയൽ ബോർഡ്

പ്രിന്റർ & പബ്ലിഷർ
**കെ.പി. ശ്രീധരൻ നമ്പൂതിരി**

എഡിറ്റർ
**ഡി. പ്രകാശ്**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ. അജിതൻ പി.ഐ.**

ഡെപ്യൂട്ടി എഡിറ്റർ
**ഡോ. ദാമോദർ നാരായണൻ സി.എൻ.**

അസിസ്റ്റന്റ് എഡിറ്റർ
**ഡോ. മുരളികൃഷ്ണൻ എം.വി.**

സബ് എഡിറ്റർ
**അനൂപ് കൃഷ്ണൻ എസ്.യു.**

പുറംചട്ട രൂപകല്പന
**ഉണ്ണി കൊണ്ടമറുക്**

അക്ഷരവിന്യാസം, രൂപകല്പന
**കണ്ണൻ.കെ.എസ്സ്**

മുദ്രണം
**മമ ഓഫ് സെറ്റ് പ്രിന്റ്**
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. ഗൃഹാഷ്ടകം — 2

2 സംസ്കൃതപാഠം (59) — 5

3. പരമാർത്ഥസാരം (27) — 9

4. സ്തുതികുസുമാഞ്ജലി (19) — 12

5. കുട്ടികളുടെ വാല്മീകിരാമായണം (40) — 17

6. താന്ത്രികവൈഷ്ണവദർശനം — 20

7. ശാക്തേയക്കാവുകൾ — 23

8. ഔഷധസസ്യങ്ങൾ (46) കശുമാവ്(പറങ്കിമാവ്) — 32

# ഗുഹാഷ്ടകം

സമ്പാദക : അപർണ്ണാദേവി എ.

1

വന്ദേ ഭാനുസഹസ്രകോടിസദൃശം വന്ദേ സുരേന്ദ്രാർചിതം
വന്ദേ മാല്യവിഭൂഷിതം ശിവസുതം വന്ദേ ഗുരൂണാം ഗുരും
വന്ദേ വേദകദംബകൈരഭിനുതം വന്ദേ മയൂരാസനം
വന്ദേ സിദ്ധഗണാശ്രയം പ്രതിദിനം വന്ദേ ഗുഹം ഷൺമുഖം

അർത്ഥം- അനേകം സൂര്യന്മാർക്ക് സദൃശനും ദേവന്മാരാൽ അർച്ചിയ്ക്കപ്പെട്ടവനും മാല ധരിച്ചവനും ശിവപുത്രനും ഗുരുക്കന്മാരുടെ ഗുരുവും വേദങ്ങളാലും നമിയ്ക്കപ്പെട്ടവനും മയിൽ വഹനനും സിദ്ധഗണങ്ങൾക്ക് ആശ്രയവുമായ ഗുഹനെന്ന ഷൺമുഖനെ ദിവസവും തൊഴുന്നു.

2

വന്ദേ പാടലദാമശോഭിതതനും വന്ദേ ഭവാനീസുതം
വന്ദേ സിദ്ധസുരാസുരേന്ദ്രനമിതം വന്ദേ സുരാരിദ്വിഷം
വന്ദേ പൂർണശശാങ്കമണ്ഡലമുഖം വന്ദേ ദ്വിഷൺനേത്രകം
വന്ദേ ജഹ്നുസുതാസുതം ശിവകരം വന്ദേ ഗുഹം ഷൺമുഖം

അർത്ഥം- പാടലനിറമുള്ള ശരീരമുള്ളവനും ഭവാനീപുത്രനും സിദ്ധദേവാസുരന്മാരാൽ നമിയ്ക്കപ്പെട്ടവനും അസുരദ്വേഷിയും പൂർണ്ണചന്ദ്രമുഖസദൃശനും പന്ത്രണ്ട് കണ്ണുകളോട് കൂടിയവനും ഗംഗാപുത്രനും മംഗളകരനുമായ ഗുഹനെന്ന ഷൺമുഖനെ ദിവസവും തൊഴുന്നു.

3

വന്ദേ ഭക്തജനാർതിഹം ശ്രുതിനുതം വന്ദേ കുമാരം പരം
വന്ദേ കോമളപാദപല്ലവമഹം വന്ദേ ശരാദുദ്ഭവം
വന്ദേ കൃത്തികാമാതൃകാസ്തനജപം വന്ദേ വിഭും പാവകിം
വന്ദേ കുങ്കുമരക്തവർണമഭയം വന്ദേ ഗുഹം ഷൺമുഖം

അർത്ഥം- ഭക്തജനങ്ങളുടെ ദുഃഖത്തെ ഇല്ലാതാക്കുന്നവനും വേദജപത്താൽ സ്തുതിയ്ക്കപ്പെടുന്നവനും മൃദുലവും തളിരു പോലുള്ളതുമായ കാലിണകളോട് കൂടിയവനും കൃത്തികാദേവിയുടെ പുത്രനും കുങ്കുമനിറവും രക്തനിറവും കലർന്ന നിറത്തോട് കൂടിയവനുമായ ഗുഹനെന്ന ഷൺമുഖനെ ദിവസവും തൊഴുന്നു.

4

വന്ദേ വജ്രധരേണ സേവിതപദം വന്ദേനലാദുദ്ഭവം
വന്ദേ ദണ്ഡധരേണ ച പ്രവിനതം വന്ദേ നരാശിസ്തുതം
വന്ദേ പശ്ചിമദിക്പതിസ്തുതഗുണം വന്ദേ മരുത്പൂജിതം
വന്ദേ യക്ഷകൃതാശ്രയം ശിവഗുരും വന്ദേ ഗുഹം ഷൺമുഖം

അർത്ഥം- ഇന്ദ്രനാൽ സേവിയ്ക്കപ്പെട്ടവനും അഗ്നിയിൽ നിന്ന് ഉദ്ഭവിച്ചവനും യമനാൽ നമിയ്ക്കപ്പെട്ടവനും അസുരന്മാരാൽ സ്തുതിയ്ക്കപ്പെട്ടവനും വരുണനാൽ സ്തുതിയ്ക്കപ്പെട്ട ഗുണങ്ങളോട് കൂടിയവനും മരുത്തുക്കളാൽ പൂജിതനും യക്ഷന്മാർക്ക് ആശ്രയവും ശിവന് ഗുരുവുമായ ഗുഹനെന്ന ഷൺമുഖനെ ദിവസവും തൊഴുന്നു.

5

വന്ദേ രോഗമഹോരഗസ്യ ഗരുഡം വന്ദേ ദയാസാഗരം
വന്ദേ താരകസിംഹശൂരദമനം വന്ദേ നിധീനാം നിധിം
വന്ദേ മന്മഥകോടികോടിസദൃശം വന്ദേരവിന്ദാനനം
വന്ദേ ജാരശിഖാമണിം വരതനും വന്ദേ ഗുഹം ഷൺമുഖം

അർത്ഥം- കാരുണ്യകടലും താരകാസുരന്റെ ദർപ്പത്തെ ഇല്ലാതാക്കിയവനും നിധികളുടെയെല്ലാം നിധിയും കോടിക്കണക്കിനുള്ള കാമദേവന്മാരുടെ സൗന്ദര്യം ചേർത്തു വച്ചാലുള്ള സൗന്ദര്യമുള്ളവനും താമരക്കണ്ണനും കൃഷ്ണസമാനനും ശ്രേഷ്ഠശരീരമുള്ളവനുമായ ഗുഹനെന്ന ഷൺമുഖനെ ദിവസവും തൊഴുന്നു.

6

വന്ദേ വന്ദനതത്പരാ ഭുവി ജനാ വന്ദേ കൃപാലേശതോ
വന്ദേ യസ്യ മഹാധനാഃ സുതയുതാ വന്ദേ ഭവന്തി സ്മ തം
വന്ദേ ദക്ഷിണദിങ്മുനിപ്രിയഗുരും വന്ദേ കലാനാം നിധിം
വന്ദേ കേശവഭാഗിനേയമനിശം വന്ദേ ഗുഹം ഷൺമുഖം

അർത്ഥം- ഭൂമിയിൽ യാതൊരാൾക്കാണോ വന്ദനതല്പരരായവരും യാതൊരാളുടെ കൃപലേശത്താൽ സന്താനാദിസൗഭാഗ്യങ്ങളോട് കൂടിയ ഭക്തരുമുള്ളത് അദ്ദേഹത്തെ തൊഴുന്നു. കലകളുടെ ഉറവിടവും കേശവഭാഗിനേയനുമായ ഗുഹനെന്ന ഷൺമുഖനെ ദിവസവും തൊഴുന്നു.

7

വന്ദേ മംഗളദായകം കലിയുഗേ വന്ദേ പരോക്ഷസ്ഥിതം
വന്ദേ പാലിതസർവലോകനിവഹം വന്ദേ
വന്ദേ കുക്കുടകേതനം സുവിദുഷാം വന്ദേ മുദാം ദായകം
വന്ദേ ശക്തിധരം ശിഖീന്ദ്രഗമനം വന്ദേ ഗുഹം ഷൺമുഖം

അർത്ഥം- കലികാലത്തെ മംഗളദായകനും സർവ്വലോകനിവാസികളെയും പാലിയ്ക്കുന്നവനും വിദ്വദ്ജനങ്ങൾക്ക് സന്തോഷത്തെ നൽകുന്നവനും ശക്തി എന്ന ആയുധം ധരിച്ചവനും മയിലിന്റെ പുറത്ത് സഞ്ചരിയ്ക്കുന്നവനുമായ ഷൺമുഖനെ ദിവസവും തൊഴുന്നു.

8

വന്ദേ പാതകതൂലജാലപവനം വന്ദേ വലാരിസ്തുതം
വന്ദേ ലോകവിമോഹനം ഖലഹരം വന്ദേഖിലവ്യാപകം
വന്ദേ സർവസുഖാവഹം സ്വഭജനാദ് വന്ദേ മലധ്വംസകം
വന്ദേ ശൈലസുതാത്മജം സുഖകരം വന്ദേ ഗുഹം ഷൺമുഖം

അർത്ഥം- അപരാധസമൂഹത്തെ പഞ്ഞികണക്കെ പറത്തുന്ന വായുവിന് സദൃശനും ദേവന്മാരാൽ സ്തുതിയ്ക്കപ്പെട്ടവനും സർവ്വരെയും മോഹിപ്പിയ്ക്കുന്നവനും സർവ്വവ്യാപിയും സവ്വർക്കും സുഖം നൽകുന്നവനും തന്നെ ഭജിയ്ക്കയാൽ സർവ്വമാലിന്യങ്ങളെയും ഇല്ലാതാക്കുന്നവനും പാർവ്വതിപുത്രനും സുഖദായകനുമായ ഷൺമുഖനെ ദിവസവും തൊഴുന്നു.

9

വന്ദേ ഭൂതപിശാചശാസനപരം വന്ദേ സദാ ശാംഭവം
വന്ദേ ഘോരഭയാപമൃത്യുഹരണം വന്ദേ നരാണാം ഗതിം
വന്ദേഗാധഭവാർണവസ്യ തരണം വന്ദേ സുരാണാം പതിം
വന്ദേ ശാശ്വതഭക്തിമുക്തിഫലദം വന്ദേ ഗുഹം ഷൺമുഖം

അർത്ഥം- ഭൂതപിശാചുകൾക്ക് ശാസകനും ശിവാംശകനും ഘോരമായ ഭയത്തെ നൽകുന്ന അപമൃത്യുവിനെ ഇല്ലാതാക്കുന്നവനും നരന്മാർക്ക് ആശ്രയവും ആഴമേറിയ സംസാരമാകുന്ന കടലിനെ തരണം ചെയ്യാൻ സഹായിയ്ക്കുന്നവനും ദേവപതിയും സ്ഥിരമായ ഭക്തിയും മുക്തിയും നൽകുന്നവനുമായ ഷൺമുഖനെ ദിവസവും തൊഴുന്നു.

# സംസ്കൃതപഠനം (59)

## ഡി. പ്രകാശ്

(കഴിഞ്ഞ ലക്കം തുടർച്ച)

**സ വേലാവപ്രവലയാം**
**പരിഖീകൃതസാഗരാം**
**അനന്യശാസനാമുർവീം**
**ശശാസൈകപുരീമിവ 30**

പദച്ഛേദഃ - സഃ വേലാവപ്രവലയാം പരിഖീകൃതസാഗരാം അനന്യശാസ നാം ഉർവീം ശശാസ ഏകപുരീം ഇവ.

### വിഭക്ത്യാദികൾ

| | |
|---|---|
| സഃ | ദകാരാന്തഃ പുംല്ലിഗഃ പ്രഥമാ ഏകവചനം |
| വേലാവപ്രവലയാം | ആകാരാന്തഃ സ്ത്രീല്ലിഗഃ ദ്വിതീയാ ഏകവചനം |
| പരിഖീകൃതസാഗരാം | ആകാരാന്തഃ സ്ത്രീല്ലിഗഃ ദ്വിതീയാ ഏകവചനം |
| അനന്യശാസനാം | ആകാരാന്തഃ സ്ത്രീല്ലിഗഃ ദ്വിതീയാ ഏകവചനം |
| ഉർവീം | ഈകാരാന്തഃ സ്ത്രീല്ലിഗഃ ദ്വിതീയാ ഏകവചനം |
| ഏകപുരീം | ഈകാരാന്തഃ സ്ത്രീല്ലിഗഃ ദ്വിതീയാ ഏകവചനം |
| ഇവ | അവ്യയം |

### സമാസാദികാര്യങ്ങൾ

| | |
|---|---|
| പരിഖീകൃതസാഗരാം | അപരിഖാഃ പരിഖാഃ സംപദ്യമാനാഃ കൃതാഃ പരി ഖീകൃതാഃ . പരിഖീകൃതാഃഃ സാഗരാഃ യസ്യാഃ സാ താം |
| വേലാവപ്രവലയാം | വേലാ വപ്രവലയഃ യസ്യാഃ സാ താം |
| അനന്യശാസനാം | അവിദ്യമാനം അന്യശാസനം യസ്യാഃ സാ താം |
| ഏകപുരീം | ഏകാ ഏവ പുരീ ഏകപുരീ താം |

### ധാതുപദലകാരപുരുഷവചനങ്ങൾ

ശശാസ- ശാസു ധാതുഃ പരസ്മൈപദീ ലിട്പ്രഥമപുരുഷഃ ഏകവചനം

| | | |
|---|---|---|
| ശശാസ | ശശാസതുഃ | ശശാസുഃ |
| ശശാസിഥ | ശശാസഥുഃ | ശശാസ |
| ശശാസ | ശശാസിവ | ശശാസിമ |

### പദാർത്ഥങ്ങൾ

| | |
|---|---|
| സഃ | അദ്ദേഹം |
| വേലാവപ്രവലയാം | വേലയെ വപ്രവലയമാക്കിയവളും |
| പരിഖീകൃതസാഗരാം | പരിഖങ്ങളായിത്തീർന്ന സമുദ്രങ്ങളോട് കൂടിയവളും |
| അനന്യശാസനാം | അന്യശാസനമില്ലാത്തവളും |
| ഉർവീം | ഉർവിയെ |
| ശശാസ | ശാസിച്ചു |
| ഏകപുരീം | ഏകപുരിയെ |
| ഇവ | പോലെ |

### അന്വയം / ഗദ്യക്രമം

സഃ വേലാവപ്രവലയാം പരിഖീകൃതസാഗരാം അനന്യശാസനാം ഉർവീം ഏകപുരീം ഇവ ശശാസ

### അന്വയാർത്ഥം

അദ്ദേഹം തീരങ്ങളെ മതിൽക്കെട്ടുകളാക്കിയവളും കിടങ്ങുകളല്ലാത്ത സുമുദ്രങ്ങൾ കിടങ്ങുകളായിത്തീർന്നവളും മറ്റൊരു ശാസനമില്ലാത്തവളും ഭൂമിയെ ഒറ്റപ്പുരിയെന്നപോലെ ശാസിച്ചു.

### സാരം

ദിലീപമഹാരാജാവിന്റെ രാജ്യവിസ്തൃതിയെ വിവരിക്കുകയാണിവിടെ കവി. പുഴകളോ പർവ്വതങ്ങളോ കുന്നിൻച്ചെരിവുകളോ മറ്റുമായിരിക്കും സാധാരണരാജാക്കന്മാരുടെ അതിർത്തിയായി പറയാനുണ്ടാവുക. എന്നാൽ ഇദ്ദേഹത്തിന്റെ രാജ്യാർത്തിയാകട്ടെ സമുദ്രങ്ങളാണെന്ന് കാവ്യാത്മകമാ

യും വ്യാകരണവിശേഷങ്ങൾ അടങ്ങിയ പദപ്രയോഗങ്ങളെക്കൊണ്ടും കവി വ്യക്തമാക്കുന്നു. ഒരു രാജ്യത്തിന് ശത്രുക്കൾ പ്രവേശിയ്ക്കാതിരിയ്ക്കാൻ മതിൽക്കെട്ടുകളും കിടങ്ങുകളും ഉണ്ടാവും. ഇവിടെ മതിൽക്കെട്ടുകൾ സമുദ്രതീരങ്ങളും കിടങ്ങുകൾ സമുദ്രങ്ങളുമാണ് എന്ന് പറയുന്നു. മാത്രമല്ല , ഒരു ഒറ്റപ്പട്ടണം പോലെ വളരെ അനായാസമായി ഭൂമിയെ മുഴുവനും ഭരിയ്ക്കുന്ന ചക്രവർത്തിയായിരുന്നു ദിലീപമാഹാരാജാവ് എന്ന് ഈ ശ്ലോകത്തിലൂടെ വ്യക്തമാകുന്നു.

**തസ്യ ദാക്ഷിണ്യരൂഢേന**

**നാമ്നാ മഗധവംശജാ**

**പത്നീ സുദക്ഷിണേത്യാസീ-**

**ദധ്വരസ്യേവ ദക്ഷിണാ 31**

പദച്ഛേദഃ - തസ്യ ദാക്ഷിണ്യരൂഢേന നാമ്നാ മഗധവംശജാ പത്നീ സുദക്ഷിണാ ഇതി ആസീത് അധ്വരസ്യ ഇവ ദക്ഷിണാ

## വിഭക്ത്യാദികൾ

| | |
|---|---|
| തസ്യ | ദകാരാന്തഃ പുംല്ലിഗഃ ഷഷ്ഠീ ഏകവചനം |
| ദാക്ഷിണ്യരൂഢേന | അകാരാന്തഃ പുംല്ലിഗഃ തൃതീയാ ഏകവചനം |
| നാമ്നാ | അകാരാന്തഃ നപുംസകല്ലിഗഃ തൃതീയാ ഏകവചനം |
| മഗധവംശജാ | ആകാരാന്തഃ സ്ത്രീല്ലിഗഃ പ്രഥമാ ഏകവചനം |
| പത്നീ | ഈകാരാന്തഃ സ്ത്രീല്ലിഗഃ പ്രഥമാ ഏകവചനം |
| സുദക്ഷിണാ | ആകാരാന്തഃ സ്ത്രീല്ലിഗഃ പ്രഥമാ ഏകവചനം |
| ഇതി | അവ്യയം |
| അധ്വരസ്യ | അകാരാന്തഃ പുംല്ലിഗഃ ഷഷ്ഠീ ഏകവചനം |
| ഇവ | അവ്യയം |
| ദക്ഷിണാ | ആകാരാന്തഃ സ്ത്രീല്ലിഗഃ പ്രഥമാ ഏകവചനം |

## സമാസാദികാര്യങ്ങൾ

| | |
|---|---|
| ദാക്ഷിണ്യരൂഢേന | ദാക്ഷിണ്യേന രൂഢം തേന |
| മഗധവംശജാ | മഗധവംശേ ജാതാ |

| | |
|---|---|
| സുദക്ഷിണാ | ശോഭനാ ദക്ഷിണാ |

**ധാതുപദലകാരപുരുഷവചനങ്ങൾ**

ആസീത് - ആസ് ധാതുഃ പരസ്മൈപദീ ലങ് പ്രഥമപുരുഷഃ ഏകവചനം

| | | |
|---|---|---|
| ആസീത് | അസ്താം | ആസൻ |
| ആസീഃ | ആസ്ഥം | ആസ്ഥ |
| ആസം | ആസ്വ | ആസ്മ |

**പദാർത്ഥങ്ങൾ**

| | |
|---|---|
| തസ്യ | അദ്ദേഹത്തിന് |
| ദാക്ഷിണ്യരൂഢേന | ദാക്ഷിണ്യം കൊണ്ട് രൂഢമായത് യാതൊന്ന് അതിനാൽ |
| നാമ്നാ | നാമം കൊണ്ട് |
| മഗധവംശജാ | മഗധവംശജാ |
| പത്നീ | പത്നീ |
| സുദക്ഷിണാ | സുദക്ഷിണാ |
| ഇതി | എന്ന് |
| അധ്വരസ്യ | അധ്വരത്തിന് |
| ഇവ | പോലെ |
| ദക്ഷിണാ | ദക്ഷിണാ |

**അന്വയം / ഗദ്യക്രമം**

തസ്യ മഗധവംശജാ ദാക്ഷിണ്യരൂഢേന നാമ്നാ സുദക്ഷിണാ പത്നീ ഇതി അധ്വരസ്യ ദക്ഷിണാ ഇവ ആസീത്

**അന്വയാർത്ഥം**

അദ്ദേഹത്തിന് മഗധവംശയായിട്ടുള്ളവളും ദാക്ഷിണ്യം കൊണ്ട് രൂഢമായ നാമത്തോട് കൂടിയവളും സുദക്ഷിണാ എന്ന പത്നി യജ്ഞത്തിന് ദക്ഷിണ പോലെ ഭവിച്ചു.

## സാരം

ദിലീപമഹാരാജാവിന് സുദക്ഷിണ എന്ന ഭാര്യ ഉണ്ടായിരുന്നു. ഭാര്യയുടെ പേര് വളരെ അന്വർത്ഥമായിരുന്നു എന്ന് ദക്ഷിണ്യശ്രുദ്ധേന പദം കൊണ്ട് പറയുന്നു. ഭാര്യമാർ പരന്റെ അതായത് ഭർത്താവിന്റെ പാരമ്പര്യത്തെ പിൻതുടരുന്നവൾ എന്നർത്ഥത്തിലാണ് ഇവിടെ ദാക്ഷിണ്യശബ്ദം. ഭർത്തൃപാരമ്പര്യത്തെ സമർത്ഥമായി പിൻതുടരുന്നവൾ എന്ന നിലയ്ക്ക് പ്രസിദ്ധമായ നാമത്താൽ സുദക്ഷിണാ എന്ന പേര് ദിലീപമഹാരാജവിന്റെ ഭാര്യയ്ക്ക് ചേർന്നതാണ്. യജ്ഞത്തിന് ഏതുപോലെയാണോ ഋത്വിക്കുകളുടെ സാമർത്ഥ്യം അതുപോലെയാണ് ദിലീപമഹാരാജാവിന് സുദക്ഷിണാ എന്ന ഭാര്യ. യജ്ഞത്തിലുള്ള ഋത്വിക്കുകളുടെ സാമർത്ഥ്യത്തെ ദക്ഷിണാ എന്ന് പറയും. അതുകൊണ്ട് സുദക്ഷിണാ എന്ന ഭാര്യ അദ്ദേഹത്തിന്റെ എല്ലാ പ്രവൃത്തികൾക്കും ഉത്തമ താങ്ങും തണലുമായിരുന്നു എന്ന് വേണം കരുതാൻ.

(തുടരും)

**മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം**

# പരമാർത്ഥസാരം (27)

**(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)**

**ഡോ. ദാമോദർ നാരായണൻ സി.എൻ.**

(കഴിഞ്ഞ ലക്കം തുടർച്ച)

**62. അഗ്ന്യഭിദഗ്ധം ബീജം യഥാ പ്രരോഹാസമർത്ഥതാമേതി.**

**ജ്ഞാനാഗ്നിദഗ്ധമേവം കർമ്മ ന ജന്മപ്രദം ഭവതി.**

**സാരം**- ജീവന്മുക്തന് കർമ്മഹേതുവായ ശരീരം ഉണ്ടാകുമ്പോഴും ശരീരയാത്രക്കു മാത്രം ചെയ്യുന്ന ജ്ഞാനത്താൽ ജ്വലിക്കുന്ന (ജ്ഞാനത്തോടു കൂടിയ) കർമ്മങ്ങൾ അയാൾക്ക് ഫലത്തെ ചെയ്യുന്നില്ല എന്നതിലെ യുക്തി പറയുന്നു.

അഗ്നിയാൽ എരിക്കപ്പെട്ട വിത്ത് ഏതു പോലെയാണോ വൃക്ഷത്തെ ജനിപ്പിക്കാൻ സമർത്ഥമാകാതിരിക്കുന്നത് അതു പോലെ ജ്ഞാനാഗ്നിയാൽ ദഹിപ്പിക്കപ്പെട്ട കർമ്മം പുനർജ്ജന്മത്തിനു കാരണമാകുന്നില്ല.

**വിവൃതി**- വഹ്നിനിർഭൃഷ്ടം ശാലിബീജം ക്ഷിതിസലിലാതപമദ്ധ്യവർത്ത്യപി സാമഗ്രീവൈകല്യാദ്യഥാങ്കുരാദിജനനേ ʃശക്തതാം യാതി തഥൈവ ജ്ഞാനാഗ്നിനാ ദഗ്ധം പരമാദ്വയബോധദീപ്ത്യാ പ്ലുഷ്ടം കർമ്മ യഥാഹമേവേത്ഥം വിശ്വാത്മനാ സ്ഫുരാമീത്യേവം രൂപേണ ദേഹാദ്യാത്മമാനിത്വഹാനേർഹേ

യോപാദേയബുദ്ധിപരിത്യാഗേന യത്കിഞ്ചിച്ഛുഭാശുഭം കർമ്മ ക്രിയമാണം തദ്ദഗ്ധവീര്യം ന പുനർജ്ഞാനിനഃ പിണ്ഡപാതാദനന്തരം ജന്മഫലപ്രദം ഭവതി ദേഹനിർമ്മാണഹേതുഃ സമ്പദ്യതേ ദഗ്ധം ബീവമിവാങ്കുരേ. തസ്മാന്ന സർവ്വാഹംഭാവരൂപായാശ്ചിതിശക്തേരഫലാഭിസന്ധാനതയാ കൃതം കർമ്മ ഭൂയോ ജന്മ ദാതും പ്രഭവതീതി.

**പരിഭാഷ**- തീയ്യാൽ എരിക്കപ്പെട്ട നെൽവിത്ത് മണ്ണ്, വെള്ളം, വെയിൽ തുടങ്ങിയവയുടെ മദ്ധ്യത്തിൽ നിന്നാലും പുതിയതിനെ നിർമ്മിക്കാനുള്ള സാമഗ്രികളുടെ അഭാവം അതിനുള്ളിലുള്ളതിനാൽ പുതിയ വിളകളെ ഉണ്ടാക്കാൽ അശക്തമാകുന്നതു പോലെ ജ്ഞാനമാകുന്ന അഗ്നിയാൽ ദഹിക്കപ്പെട്ട അഥവാ പരമാദ്വയബോധമാകുന്ന പ്രകാശത്താൽ ദഹിക്കപ്പെട്ട കർമ്മം, എന്നു വച്ചാൽ ഞാൻ തന്നെയാണ് വിശ്വമായി സ്ഫുരിക്കുന്നത് എന്നു തുടങ്ങിയുള്ള ബോധത്താൽ ദേഹാദികളിലുള്ള അഭിമാനം നഷ്ടമായതിനാൽ തള്ളേണ്ടതും കൊള്ളേണ്ടതുമായ കർമ്മങ്ങളുടെ അഭാവം മൂലം ശുഭവും അശുഭവുമായ എന്തെങ്കിലും കാര്യങ്ങൾ ചെയ്താലും അവയുടെ വീര്യം എരിഞ്ഞു പോകുകയും ജ്ഞാനിയെ സംബന്ധിച്ച് ശരീരവിനാശത്തിനു ശേഷം പുനർജന്മമാകുന്ന ഫലം ഉണ്ടാകാതിരിക്കുകയും ചെയ്യുന്നു. അഥവാ എരിഞ്ഞ വിത്ത് അങ്കുരമുണ്ടാകാത്തതു പോലെ ആ കർമ്മങ്ങൾ വീണ്ടും ജന്മത്തിന് ഹേതുവായിത്തീരുന്നില്ല. സർവ്വാഹംഭൂതയായിരിക്കുന്ന ചിച്ഛക്തിയുടെ ഫലമിച്ഛിക്കാതെ ചെയ്യപ്പെട്ട കർമ്മം പുനർജ്ജന്മത്തിനു കാരണമാകുന്നില്ല.

ഏവം പുനർവ്വികസ്വരാപി ചിതിശക്തിഃ കഥംകാരം ദേഹവതീ സ്യാദിത്യാഹ.

63 **പരിമിതബുദ്ധിത്വേന ഹി കർമ്മോചിതഭാവിദേഹഭാവനയാ.**

**സങ്കുചിതാ ചിതിരേതദ്ദേഹധ്വംസേ തഥാ ഭാതി**

**സാരം**- ചിതിശക്തി അപ്രകാരം വളർന്നു കൊണ്ടിരിക്കുന്ന രൂപത്തോട്ടു കൂടിയതാണെങ്കിൽ അത് ദേഹത്തിന്റെ ആകാരം സ്വീകരിക്കുന്നതെങ്ങനെയാണെന്നു പറയുന്നു.

ചിതി (പരമമായ ശിവാവസ്ഥ) പരിമിതമായ ബുദ്ധി കാരണമായി കർമ്മാനുകൂലമായ ദേഹമാണ് താനെന്ന ഭാവനയാൽ സങ്കുചിതയായിത്തീരുന്നു. ഈ ദേഹം ഇല്ലാതാകുമ്പോൾ അത് അതിന്റെ ശരിയായ രൂപമായിത്തന്നെ പ്രകാശിക്കപ്പെടുന്നു.

**വിവൃതി**- യസ്മാത് പരിമിതബുദ്ധിത്വേന അഖ്യാതിജനിതേന ദേഹാദ്യഭിമാനവാസനാപൂർവ്വകകാമനാകാലുഷ്യനിശ്ചയേന യത്കൃതം കർമ്മ യഥാഹമശ്വമേധേന യക്ഷ്യ ഇഹാമുത്ര ച സുഖീ ഭൂയാസം മാ കദാചന ദുഃഖ്യഹം

ഭ്രയാസമമുനാ കർമ്മണാ വൈന്ദ്രം പദം പ്രാപ്നുയാമിത്യേവം വാസനാവിശിഷ്ടസ്യ കർത്തുരേവമനുഗുണം കർമ്മ തസ്യ മനോവാസനാലബ്ധപ്രരൂഢേഃ കർമ്മണഃ ഉചിതഃ തദനുഗുണഫലഭോക്തൃതായോഗ്യോഽസൌ ഭാവീ ദേഹഃ പ്രാരബ്ധകർമ്മഫലഭോക്തൃശരീരാധികാരപരിക്ഷയാദ്യയുത്തരത്ര ഭവിഷ്യച്ഛരീരം തസ്യ യാ ഭാവനാ അമുനാശ്വമേധാദികർമ്മണാ സാമ്രാജ്യാപ്നുയാമിത്യഭിമതകർമ്മഫലവാസനാധിരൂഢിസ്ഥയാ കർമ്മോചിതഭാവിദേഹഭാവനയേയം സർവ്വതഃ പൂർണ്ണാപി ചിതിശക്തിരാണവമായീയമലമൂലേന കാർമ്മമലേനാഘ്രാതാ സങ്കുചിതാ വ്യാപിന്യപി ഘടാകാശവത്കർമ്മാനുഗുണഫലഭോക്തൃശരീരവാസനാവച്ഛേദവതീ സമ്പന്നാ സതീ ഏതദ്ദേഹധ്വംസേ തഥാ ഭവതി ഇതി. ഏതസ്യ പ്രാരബ്ധസ്യ കർമ്മഫലസ്യ യോ ഭോക്താ ദേഹഃ തസ്യ ഭോഗപരിക്ഷയാദ്യഃ ധ്വംസഃ മൃതിസ്തസ്മിന്ദേഹധ്വംസേ സതി സാ ചിതിഃ ഉദ്ഭൂതകർമ്മവാസനാ തഥാ ഭവതി യേനാശയേന പൂർവ്വകർമ്മഫലമുപാർജ്ജിതം തത്കർമ്മഫലഭോക്താ യോ ദേഹസ്തദ്വതീ സമ്പദ്യതേ യദ്വശാച്ചിതിരപി സ്വർഗ്ഗനരകാദിഭോജഭാജനം സ്യാത്. തസ്മാച്ഛരീരീ ഭൂത്വാ പരിമിതഫലലൌല്യാദ്യത്കൃതം കർമ്മ തത്ഫലഭോക്തൃജന്മ ദാതുമവശ്യം പ്രഭവതി. യത്പുനരശരീരീ ഭൂത്വാ സർവ്വം ബ്രഹ്മാസ്മീതി സംവിദ്രൂപതയാ കൃതം തദ്വാസനാപ്രരോഹാനാസാദനാത്കഥം വ്യാപിന്യാശ്ചിതിശക്തേർജ്ജന്മനേ സ്യാദിതി താത്പര്യാർത്ഥഃ.

**പരിഭാഷ**- പരിമിതമായ ബുദ്ധിയാൽ അജ്ഞാനത്തിൽ നിന്നുണ്ടായതായ ദേഹാദ്യഭിമാനഫലമായി വാസനയാൽ കലുഷിതമായ നിശ്ചയത്താൽ (നിശ്ചയാത്മികയാണ് ബുദ്ധി) യാതൊരു കർമ്മമാണോ ചെയ്യപ്പെട്ടത് [ഉദാഹരണത്തിന്] ഞാൻ അശ്വമേധം ചെയ്യുന്നു, അതിനാൽ ഈ ലേകത്തും പരലോകത്തും സുഖിയായിരിക്കട്ടെ ഒരിക്കലും ദുഃഖിതനാകാതിരിക്കട്ടെ, ഈ കർമ്മം കൊണ്ട് ഇന്ദ്രപദം പ്രാപിക്കട്ടെ, തുടങ്ങിയ വാസനകളോടു കൂടിയ കർത്താവിന് അതിനനുഗുണമായിട്ടുള്ള കർമ്മങ്ങൾ ഉണ്ടാകുകയും മനോവാസനകളാൽ പ്രേരിതമായ അത്തരം കർമ്മങ്ങളുടെ ഫലമായിട്ട് അതിനനുസരിച്ചുള്ളതും ഉചിതവും ഫലഭോഗത്തിന് പാകമായതും ആയ ശരീരം ഉണ്ടാകുകയും ചെയ്യുന്നു. പ്രാരബ്ധകർമ്മഫലം അനുഭവിക്കാനുള്ള ശരീരത്തിന് നാശം സംഭവിച്ചതിനു ശേഷം ഉണ്ടാകുന്ന അടുത്ത ശരീരത്തിന്റെ ഭാവനയാൽ ഈ അശ്വമേധയജ്ഞം ചെയ്തിട്ട് സാമ്രാജ്യാദിയെ പ്രാപിക്കാം തുടങ്ങിയ ദൃഢമായിരിക്കുന്ന വാസനകളാൽ [ഇതാണ് കർമ്മത്തിനുചിതമായ ഭാവിദേഹഭാവന] എല്ലായ്പ്പോഴും പൂർണ്ണമാണെങ്കിലും ആണവമായീയ മലങ്ങൾക്ക് മൂലമായ ആ ചിതിശക്തി കാർമ്മികമലത്തിന് അധീനമായി എല്ലായിടത്തും വ്യാപിച്ചിരിക്കുന്നതാണെങ്കിലും ഘടാകാശത്തെപ്പോലെ കർമ്മത്തിനനുഗുണമായി ഫലഭോക്താവായ ശരീരിയായിത്തീരുന്നു. ആ ശരീരം

നഷ്ടപ്പെടുമ്പോൾ അതു വീണ്ടും പഴയ സ്വരൂപത്തോടു കൂടിയതായിത്തീരുന്നു. പ്രാരബ്ധകർമ്മഫലത്തിന്റെ ഭോക്താവായ ശരീരം നശിക്കുമ്പോൾ ഉണ്ടാകുന്ന വാസനകൾക്കനുസരിച്ച് ആ ചിതി അത്തരം കർമ്മങ്ങൾ അനുഭവിക്കാനുള്ള ശരീരത്തോടു കൂടിയതായിത്തീർന്ന് സ്വർഗ്ഗനരകാദികളുടെ ഭോഗത്തിനു പാത്രമായിത്തീരുന്നു. അതിനാൽ ശരീരത്തോടു കൂടിയവനായിട്ട് പരിമിതമായ ഫലത്തെ ആഗ്രഹിച്ചു ചെയ്യപ്പെടുന്ന കർമ്മം അതിന്റെ ഫലഭോഗത്തിന് കാരണമായ ജന്മത്തെ കൊടുക്കാൻ പാകമാകുന്നു. അശരീരിയായിട്ട് സർവ്വവും ബ്രഹ്മമായ ഞാൻ തന്നെയാണ് എന്ന സംവിദ്രൂപബോധത്തോടു കൂടി ചെയ്യപ്പെട്ട കർമ്മം അതിന്റെ വാസനയെ സൃഷ്ടിക്കാൻ അസമർത്ഥമായതു കൊണ്ട് എല്ലായിടത്തും വ്യാപിച്ചിരിക്കുന്നതായ ചിതിശക്തിയുടെ ജന്മത്തിന് സമർത്ഥമാകുന്നതെങ്ങനെയെന്നുള്ളതാണ് ഇവിടെ താത്പര്യം.

(തുടരും)

### ശ്രീ ജഗദ്ധരഭട്ട വിരചിതം

# സ്തുതികുസുമാഞ്ജലി (19)

**ഡോ. മുരളീകൃഷ്ണൻ എം.വി.**

(കഴിഞ്ഞ ലക്കം തുടർച്ച)

സ്തുതി- 36

**യഃ ക്ഷീരനീരനിധിമങ്ഘ്രിതലേ സുധാംഭഃ-**

**കുംഭം കരേ ശിരസി ദേവനദീമദീനാം**

**ഹർതും ബിഭർതി ഭവിനാമണകർമമായാ-**

**മൂലം മലത്രയമലം തമഹം ശ്രയാമി**

**അർത്ഥം**- ഏതൊരു പ്രഭുവാണോ ഈ പ്രപഞ്ചത്തിലെ ജീവനുള്ളവയുടെ അണു, കർമം, മായാമൂലം എന്നീ മലത്രയങ്ങളെ ഇല്ലാതാക്കുന്നതിന് പാദങ്ങളിൽ തന്നെ ക്ഷീരസാഗരത്തേയും, കൈകളിൽ അമൃതകലശത്തേയും, ശിരസ്സിൽ വിശാലമായ ഗംഗയേയും ധരിച്ചിരിക്കുന്ന പ്രാണികളോട് നിഷ്കാരണമായ ദയയെ പ്രകടമാക്കുന്ന ആ ഭഗവാൻ പരമശിവനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 37

**യസ്യാപഗാ സ്രഗിവ സൗമനസീ ജടാസു**

**യഃ കൗമുദീം വിരചനാമിവ മൂർധ്നി ധത്തേ**

**ദേവീം വരാഭയകരാമപി യോ ബിഭർത്തി**

പ്രീതഃ ശിവാം ദൃശമിവ പ്രഭുമാശ്രയേ തം

**അർത്ഥം**- ആരുടെ ജടയിലാണോ ദേവഗംഗ വെളുത്ത മാലതീപുഷ്പമാലയ്ക്ക് സമാനമായി അലങ്കരിക്കപ്പെട്ടിരിക്കുന്നത്, ആരാണോ ചന്ദ്രപ്രഭയെ ചന്ദന ത്തേപ്പോലെ ശിരസ്സിൽ ധരിച്ചിരിക്കുന്നത്, ആരാണോ ഭക്തർക്ക് വരം, അഭയം എന്നിവകളെ നൽകുന്നതിനായി കൃപാനിർഭരമായ കണ്ണുകൾക്ക് സമാനമായി കൈകളിൽ താമരയേയും, അഭയമുദ്രയേയും ധരിച്ചിരിക്കുന്ന ഭഗവതി ഭവാനി ദേവിയെ സ്നേഹപൂർവ്വം തന്റെ ഇടതുതുടയിൽ ധരിച്ചിരിക്ക ന്നത്, ആ സർവ്വസമർത്ഥനായ മഹേശ്വരനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 38

**ഗൗരീം ഗജാസ്യജനനീം ഹിമവത്പ്രസൂതിം**

**സദ്യഃ പവിത്രിതജഗത്ത്രിതയാം യ ഏകഃ**

**കാത്യായനീം സുരധുനിം ച വിഭുർബിഭർത്തി**

**നിർവാണദം ശരണമേമി തമിന്ദുമൗലിം**

**അർത്ഥം**- ഏതൊരു പരമശിവനാണോ സമസ്ത ജീവജാലങ്ങൾക്കും അനു ഗ്രഹത്തെ നൽകുന്നതിനായിക്കൊണ്ട് മൂന്ന് ലോകങ്ങളേയും പവിത്രമാക്കു ന്ന ഹിമാലയത്തിൽ ജനിച്ചതും ഗണപതിയുടെ അമ്മയുമായ പാർവ്വതിയേ യും, മന്ദാകിനി (ഗംഗ)യേയും ഇടതു കൈയ്യിലും മസ്തകത്തിലും ധരിച്ചിരിക്കുന്നത്, ആ പരമശാന്തിരൂപനായ ഭഗവാൻ ചന്ദ്രമൗലിയെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 39

**ക്വാപ്യുദ്ധൃതക്രതുവിധാതൃമൃഗോത്തമാങ്ഗ-**

**മുത്സങ്ഗസങ്ഗതമൃഗം ക്വചിദോഷധീശം**

**ക്രൂരം ക്വചിന്മൃഗവധൈകരതിം കിരാതം**

**വാതം ക്വചിന്മൃഗരഥം വിഭുമാശ്രയാമി**

**അർത്ഥം**- ചില സമയങ്ങളിൽ മാൻവേഷധാരിയായ ബ്രഹ്മാവിന്റെ തലയറു ക്കുന്നവനായും, ചില സമയങ്ങളിൽ മാനുകളെ വഹിക്കുന്ന ചന്ദ്രന്റെ രൂപം ധരിക്കുകയും, ചില സമയങ്ങളിൽ മാനുകളെ കൊല്ലുന്ന മഹാക്രൂരനായ കി രാതന്റെ വേഷം ധരിക്കുകയും, പലപ്പോഴും മാനിന്റെ രൂപത്തിലുള്ള രഥത്തിൽ വിഹരിക്കുന്ന വായുവിന്റെ രൂപത്തേയും ധരിക്കുന്ന ആ സ്വതന്ത്രവിഹാരി യായ ഭഗവാൻ ശിവനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 40

**ഉദ്ദാമദോഷമപി ദീർഘഗുണം ഭുജങ്ഗ-**

**ഭോഗോപഗൂഢമപി രൂഢശിഖിപ്രസങ്ഗം**

**കാപാലികവ്രതസമേതമപി ദ്വിജേന്ദ്ര-**

**ചൂഡാമണിം വിഭുമനങ്ഗകുശമാശ്രയാമി**

**അർത്ഥം**- ആരാണോ ആയുധങ്ങളെ ധരിച്ചിരിക്കുന്ന കൈകളോടു കൂടിയിട്ടും മഹത്തായ ഗുണശാലിയായിരിക്കുന്നത്, ആരുടെ നെറ്റിയിലുള്ള അഗ്നിയാണോ സർപ്പങ്ങളാൽ ആലിംഗനം ചെയ്യപ്പെട്ട് പ്രീതിയെ ചെയ്യുന്നത്, അതുപോലെ ആരാണോ ബ്രഹ്മശിരകപാലത്തെ ധരിച്ച് ചന്ദ്രചൂഡനായിരിക്കുന്നത്, ആ സർവ്വസ്വതന്ത്ര പ്രഭുവിനെ ഞാൻ ആശ്രയിക്കുന്നു.

സ്തുതി- 41

**അങ്ഗേ ധൃതാങ്ഗനമനങ്ഗകൃതാങ്ഗഭങ്ഗം**

**വിശ്വാധിനാഥമഥ ഖണ്ഡകപാലപാണിം**

**ഉഗ്രം ശിവം ഹരമഘോരമജം ച സദ്യോ-**

**ജാതം ച വിസ്മയനിധിം വിഭുമാശ്രയാമി**

**അർത്ഥം**- ആരാണോ തന്റെ ഇടതു കൈകൾക്കുള്ളിൽ പാർവ്വതിയെ ധരിച്ചിരിക്കുന്നതും, അതിനു കാരണക്കാരനായ കാമദേവനെ ഭസ്മമാക്കിയതും, അതുപോലെ അഖിലബ്രഹ്മാണ്ഡനായകനായിരുന്നിട്ടും കൈയ്യിൽ ഖണ്ഡകപാലത്തെ ധരിച്ചിരിക്കുന്നത്, ആരാണോ രൗദ്രരൂപനായിരിക്കുമ്പോഴും എല്ലാ മംഗളത്തെയും നൽകുന്നത്, ആരാണോ സർവ്വസംഹാരകനായിരിക്കുമ്പോഴും അഘോരനായിരിക്കുന്നത് (സൗമ്യനായി), ആരാണോ അജനായതും (ജന്മമില്ലാത്തത്) സദ്യോജാതനായതും (ഇപ്പോൾ ജനിച്ചത്), ആ പരമ ആശ്ചര്യനിധിയായ പരമേശ്വരനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 42

**അസ്മിൻഭവാധ്വനി മഹാവിഷമേസമേഷു**

**രോഷാദിതസ്കരതിരസ്കരണൈകവീരം**

**ഭീരുഃ ശ്രയാമി ശരണം ക്ഷണദാകുടുംബ-**

**ലേഖാശിഖാമണിമനുത്തമശക്തിമീശം**

**അർത്ഥം**- ഈ വലിയ ദുർഘടമായ സംസാരപഥത്തിൽ അത്യന്തം ഭയത്തെ നൽകുന്ന കാമക്രോധാദിരൂപമായ തസ്കരന്മാരെ ഇല്ലാതാക്കുന്ന മഹാ ധൈര്യശാലിയും, ശക്തിശാലിയുമായ ചന്ദ്രചൂഡാമണി പരമേശ്വരനെ ഞാൻ ശരണം പ്രാപിക്കുന്നു.

സ്തുതി- 43

**കിം മേരുമന്ദരമുഖൈർഗിരിഭിർഗരീയാൻ**

**കൈലാസ ഏവ ജഗദേകഗുരുർഗിരീശഃ**

**യസ്യാഭയങ്കരമസങ്കരമസ്തശങ്ക-**

**മങ്കം സുടങ്കമകലങ്കമലങ്കരോതി**

**അർത്ഥം**- സുമേരു, മന്ദരാചലം എന്നീ പർവ്വതങ്ങൾ എന്തിനുവേണ്ടിയിട്ടുള്ളതാണ് ? കേവലം കൈലാസം മാത്രമാണ് അതിശ്രേഷ്ഠ പർവ്വതം. കൈലാസത്തിന്റെ അതിസൗമ്യവും, ശുദ്ധവും, ശങ്കാരഹിതവും, സുന്ദരമായ കലക

ളാൽ പൂർണമായതും, നിഷകളങ്കമായതുമായ അങ്കത്തിൽ വസിച്ച് ഭഗവാൻ ശിവൻ കൈലാസത്തെ അലങ്കരിക്കുന്നു.

സ്തുതി- 44

**ഉല്ലങ്ഘ്യ ശാസനമനന്യജശാസനസ്യ**

**കോപ്യന്യശാസനമുപാസിതുമേതി നിഷ്ഠാം**

**ഹിത്വാ വനം ഹി നവനാഗരപർണപൂർണ-**

**മുഷ്ട്രഃ ശ്രയത്യവടമേവ സകണ്ടക്രൗഢം**

**അർത്ഥം**- വളരെ കുറച്ച് നിർഭാഗ്യവന്മാരായ വിഡ്ഢികൾ മാത്രമേ കാമദേവ ന്റെ ശാസകനായ ഭഗവാൻ പരമശിവന്റെ ശാസനങ്ങളെ ഉപേക്ഷിച്ച് മന സ്സിനെ ദുഷിപ്പിക്കുന്ന കുകഥകളെ (മോശം കഥകളെ) പിന്തുടരാൻ പ്രലോഭിപ്പുക്കുന്നുള്ളൂ. അത് ശരിയാണ്, ഒട്ടകം കോമളമായ താംബൂലവനങ്ങ ളെ ഉപേക്ഷിച്ച്, മുള്ളുകൾ നിറഞ്ഞ കുഴികളിൽ ഇരിക്കുന്നു. വിഡ്ഢികൾ എപ്പോഴും അങ്ങനെയാണ്.

സ്തുതി- 45

**അന്യാർത്ഥമപ്യപഹിതാ ശിതികണ്ഠസേവാ**

**ലോകസ്യ കൽപലതികേവ ഫലത്യവശ്യം**

**ഉദ്ദീപിതാ ഖലു പരസ്യ കൃതേപി യേന**

**തസ്യാപി ദർശയതി ദീപശിഖാർഥസാർഥം**

**അർത്ഥം**- ഭഗവാൻ നീലകണ്ഠനെ സേവിക്കുന്നത് മറ്റെന്തിന്നെങ്കിലും വേണ്ടി ഉപയോഗിച്ചാലും അത് ലോകത്തിന് കൽപലതികയെന്നപോലെ ആവശ്യ മായ ഫലത്തെ നൽകുന്നു. എന്തെന്നാൽ ഒരു വിളക്ക് മറ്റൊരാൾക്ക് വേണ്ടി കത്തിച്ചാലും അത് മറ്റുള്ളവയേയെല്ലാം കാണിച്ചു തരുന്നു.

സ്തുതി- 46

**യദ്യർചിതഃ സ ഭഗവാനപി ജീവികാർഥം**

**തത്രാപി കിൽബിഷവിപാകമപാകരോതി**

**യോപി ദ്യുസിന്ധുപയസി പ്ലവതേ നിദാഘ-**

**ഘർമച്ഛിദേ ഭവതി സോപി ഹി ധൗതപാപഃ**

**അർത്ഥം**- ഭഗവാൻ സദാശിവനെ ആരെങ്കിലും കേവലം ഉപജീവനത്തിനാ യിക്കൊണ്ട് ഭജിച്ചാലും ഭഗവാൻ അവരുടെ പാപങ്ങൾ എല്ലാം ഇല്ലാതാക്കി അവരെ ഉദ്ധരിക്കുന്നു. നിശ്ചയമായി കാണാൻ കഴിയുന്നത് ആരെങ്കിലും കേവലം ശീതകാലത്തിന്റെ ചൂടിൽ നിന്നും ആശ്വാസം ലഭിക്കാൻ വേണ്ടി മാത്രം ഗംഗയിൽ മുങ്ങുക വഴി അവരുടെ എല്ലാ പാപങ്ങളും ഇല്ലാതാകുന്നു.

സ്തുതി- 47

**കുർവന്തി ഭക്തിമപരൈരപി യേ നിയുക്താ**

ഭർഗസ്യ തേപി ഭവദുർഗതിമുത്സൃജന്തി
സ്തന്യാർഥമപ്യപഹിതാ പൃഥുകസ്യ ധാത്രീ
പാത്രീഭവത്യഖിലഭോഗസുഖാസികാനാം

**അർത്ഥം**- ഭഗവാനെ ആരാധിക്കാൻ മറ്റുള്ളവരാൽ നിയോഗിക്കപ്പെടുന്നവരും, നിങ്ങളുടെ ദൗർഭാഗ്യങ്ങളെ ഇല്ലാതാക്കുന്നു, അതിൽ നിന്നും മോചിപ്പിക്കുന്നു. ലോകത്ത് നമുക്ക് കാണാൻ കഴിയുന്നത്, നഴ്സ് പിറന്നു വീണ കുട്ടിയെ പാലൂട്ടാൻ മാത്രമായിട്ടാണ് എടുക്കുന്നതെങ്കിലും, അവർ അമ്മയുടേതെന്നപോലെ മാതൃത്വത്തിന്റെ എല്ലാ സുഖവും അവർക്ക് ലഭ്യമാകുന്നു.

സ്തുതി- 48

ദംഭാദപി ധ്രുവമനങ്ഗജിതഃ പ്രയുക്തഃ
സേവാവിധിഃ പ്രമദസമ്പദമാദധാതി
വേശ്യാജനസ്യ ന സുഖായ കിമങ്ഗരാഗ-
മാലാദുഗുലധവളഃ കൃതകോപി വേഷഃ

**അർത്ഥം**- അഹങ്കാരത്തോടെ മാത്രം ചെയ്താൽ പോലും ഭഗവാൻ ശിവനോടുള്ള ആരാധന ലോകർക്ക് പരമമായ ആനന്ദത്തെ പ്രദാനം ചെയ്യുന്നു. കാപട്യത്താൽ ആളുകളെ ആകർഷിക്കാൻ വേണ്ടി ധരിക്കുന്ന ചന്ദനം, മാലാ, ആകർഷകമായ വസ്ത്രങ്ങൾ എന്നിവ വേശ്യകൾക്ക് സുഖ-സന്തോഷത്തെ നൽകുന്നില്ലേ?

സ്തുതി- 49

തസ്മാദുപേത വിഭുമേവ യഥാതഥാപി
മുക്തിർന ചേദ്ഭവതി കിം ന ഗലന്ത്യഘാനി
യഃ സ്വേച്ഛയൈവ നിപതത്യമൃതഹ്രദേന്ത-
ർമജ്ജത്യസൗ യദി ന തത്കിമുദേത്യസിക്തഃ

**അർത്ഥം**- അല്ലയോ സഹൃദയരായ ജനങ്ങളേ, ആരാണോ സ്വന്തം ഇച്ഛയാലോ, മറ്റുള്ളവരുടെ പ്രേരണയാലോ, മറ്റേതെങ്കിലും അവസരത്തിലോ, അഹങ്കാരത്താലോ ആ പരമകാരുണ്യവാനായ ഈശ്വരനെ ശരണം പ്രാപിക്കുന്നത്, ചിലപ്പോൾ നിർഭാഗ്യത്താൽ നിങ്ങൾക്ക് മോക്ഷം ലഭിച്ചില്ലെന്നു വരാം, പക്ഷെ നിങ്ങളുടെ ജന്മാർജിതങ്ങളായ പാപങ്ങൾ ഇല്ലാതാകുകയില്ലേ? പാപങ്ങൾ എന്തായാലും ഇല്ലാതാകും. ഒരു മനുഷ്യൻ സ്വേച്ഛയാൽ അമൃതസരോവരത്തിൽ വീണാൽ മുങ്ങിയില്ലെങ്കിൽ പോലും അമൃത് നനയാതെ പുറത്തുവരാൻ കഴിയുമോ? ഇല്ല, അമൃതിൽ എന്തായാലും നനഞ്ഞിരിക്കും.

സ്തുതി- 50

ക്ഷീരാബ്ധേരവഹേലയാ വിതരണം നിർയന്ത്രണം വർഷണം
ഹേമ്നഃ ക്രുദ്ധകൃതാന്തമുക്തഫണഭൃത്പാശഗ്രപോദ്വർഹണം

യച്ചാപൃത്കടകാലകൂടകവലീകാരാദി കർമാദ്ഭുതം

ക്രീഡാമാത്രകമേവ യസ്യ തദസൗ ദേവഃ കഥം വർണ്യതേ

**അർത്ഥം**- കളിച്ചുകൊണ്ടിരുന്ന ബാലകനായ ഉപമന്യുവിന് പാൽ സമുദ്രത്തേ മുഴുവൻ ദാനം ചെയ്യുക, രാജാവായ മരുത്തിന്റെ രാജ്യത്തിൽ ഏഴുദിവസം നിർത്താതെ സ്വർണ്ണമഴ പെയ്യിക്കുക, രാജാവായ ശ്വേതകനെ അത്യന്തം കോപിഷ്ഠനായ യമരാജന്റെ നാഗപാശം കൊണ്ടുള്ള ബന്ധനത്തിൽ നിന്നും മോചിപ്പിക്കുക, മഹാഭയങ്കരമായ കാളകൂടത്തെ പാനം ചെയ്യുക, ഇത്യാദികളായ അനേകമനേകം അദ്ഭുതചരിത്രങ്ങൾ ആ പ്രഭുവിന് ബാലക്രീഡക്ക് സമാനമാണ്. അനന്തകോടി ബ്രഹ്മാണ്ഡങ്ങളുടെ ഉത്പത്തി, അവസ്ഥ, നാശം ഇങ്ങനെയുള്ള ക്രീഡയെ ചെയ്യുന്നവനായ സ്വയം പ്രകാശമായ പരമേശ്വരനെ പരിമിത ബുദ്ധിമാന്മാർക്ക് എപ്രകാരമാണ് വർണിച്ചു കൊടുക്കുന്നത്?

(തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം 40



**ഉണ്ണികൃഷ്ണൻ കിഴുത്താണി** **ഫോൺ : 0480 2832108**

**(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിക്കുന്നു.)**

(കഴിഞ്ഞ ലക്കം തുടർച്ച)

പ്രിയശാംഭവി കൂട്ടുകാരേ

അജയ്യനാണെന്ന അഹന്ത ബാലിയ്ക്ക് ജീവൻ ഉൾപ്പെടെ സർവ്വസ്വവും നഷ്ടപ്പെടാൻ ഇടനൽകി. മാത്രമല്ല, കാലത്തിന് കീഴടങ്ങാത്ത യാതൊന്നും ഭൂമിയിലില്ലെന്നും ഇപ്രകാരമുള്ള സംഭവങ്ങൾ വീണ്ടും വീണ്ടും നമ്മെ ഓർമിപ്പിയ്ക്കുന്നു. അർഹതയുള്ളവരെ അംഗീകരിയ്ക്കാതിരിയ്ക്കുന്നത്, അവനവനുതന്നെ ആപത്ത് ക്ഷണിച്ചുവരുത്താൻ മാത്രമേ ഉപകരിയ്ക്കുകയുള്ളുവെന്നും കുട്ടികളായ നിങ്ങൾ മനസ്സിലാക്കണം. മറ്റുള്ളവന്റെ സുഖദുഃഖങ്ങളിൽ പങ്കാളികളാവുക മനസ്സാക്ഷിയുള്ള മനുഷ്യന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണെന്ന് രാമായണം ഊന്നിപ്പറയുന്നു. ജീവിതവിജയത്തിന് അനിവാര്യമായ വസ്തുതകൾ വെളിവാക്കുന്ന വാല്മീകി മഹർഷി ഉത്തമനായ ഗുരുനാഥൻ കൂടിയാണെന്ന് നിങ്ങൾ മനസ്സിലാക്കണം.

ബാലിവധത്തിനുശേഷം ധീരോദാത്തനും, അതിപ്രതാപവാനുമായ ശ്രീരാമചന്ദ്രൻ ധാർമ്മികതയിൽ കടുകിട വിട്ടുവീഴ്ചവരുത്താതെ വാനരസേനയുടെ രാജാവായി സുഗ്രീവന്റെ പട്ടാഭിഷേകം നടത്തി. മാത്രമല്ല, ധീരനും ബലശാലിയുമായ അംഗദനെ യുവരാജാവായി വാഴിയ്ക്കുകയും ചെയ്തു.

ഉചിതജ്ഞതയ്ക്ക് ഉത്തമോദാഹരണങ്ങളാണ് ഇതെല്ലാം. എല്ലാവർക്കും സുഖവും, സന്തോഷവും പ്രദാനം ചെയ്യുക എന്ന സന്ദേശമാണ് ഇതിൽനിന്നെല്ലാം പ്രസരിയ്ക്കുന്നത്. അനീതിയേയും, അക്രമത്തേയും, അടിച്ചമർത്തലിനേയും വച്ചുപൊറുപ്പിയ്ക്കരുതെന്നുകൂടി വാല്മീകി രാമായണം ഓർമ്മിപ്പിയ്ക്കുന്നു. കൂട്ടുകാരെ അതിനു ശേഷം സീതാന്വേഷണത്തിനു സുഗ്രീവനുമായി കാലപരിധി നിശ്ചയിച്ച് ശ്രീരാമലക്ഷ്മണന്മാർ പ്രസവണാചലത്തിലേയ്ക്ക് മടങ്ങിപ്പോന്നു. ഇവിടുത്തെ പ്രകൃതിരമണീയവും, നയനാനന്ദകരവുമായ കാഴ്ചകൾ ഏവരേയും ആകർഷിയ്ക്കുന്നു. നീർച്ചോലകളുടെ കളകളാരവം മനസ്സും വപുസ്സും ശുദ്ധമാക്കും. മയിൽ, കുയിൽ, തത്ത തുടങ്ങിയ ഓമനത്വമുള്ള പക്ഷികളും മാൻ, കരടി, പുലി തുടങ്ങിയ മൃഗങ്ങളും ഒരുപോലെ വിഹരിയ്ക്കുന്ന ഈപ്രദേശം അവർക്ക് ഏറെ ഇഷ്ടപ്പെട്ടു. മാത്രമല്ല, വരാൻപോകുന്ന മഴക്കാലം കഴിച്ചുകൂട്ടാനായി ഏറെ സൌകര്യപ്രദമായ ഒരു ഗുഹാപ്രദേശം കണ്ടെത്തുകയും ചെയ്തത് ശ്രീരാമലക്ഷ്മണന്മാരെ ഉത്സാഹഭരിതരാക്കി. പ്രകൃതിയോടിണങ്ങി, അതിന്റെ ഭാഗമായി ജീവിയ്ക്കുന്നതിന്റെ ആത്മസുഖം വാല്മീകിയുടെ വരികളിൽ കൂടി നമുക്കിവിടെകാണാം. മാത്രമല്ല, മഹാകവിവള്ളത്തോൾ വിശേഷിപ്പിച്ചതുപോലെ "ഭാരതക്ഷേത്രത്തിലെ പൂർവ്വരായ ഋഷീന്ദ്രന്മാർ" വനവാസികളായിത്തീർന്നതിൽ അത്ഭുതപ്പെടാനുമില്ല. 'യമിതന്നെ ഭാഗ്യവാൻ' എന്ന് മഹാകവി കുമാരനാശാൻ വിശേഷിപ്പിച്ചതും വെറുതെയല്ല. പ്രാണപ്രിയയായ സീതയെക്കുറിച്ചുള്ള ഓർമ്മകൾ ശ്രീരാമനെ ഏറെ അലോസരപ്പെടുത്തിയെങ്കിലും സോദരനായ ലക്ഷ്മണന്റെ ഹൃദയസ്പർശിയും, സന്ദർഭോചിതവുമായ ഉപദേശങ്ങളും, വനവാസികളുടെ അനുരഞ്ജനങ്ങളും, കിളികളുടെ കളകളാരവങ്ങളും ദുഃഖത്തിന് ഏറെ ശമനംവരുത്തി. മാല്യവാൻ പർവ്വതത്തിലെ വാല്മീകിമഹർഷിയുടെ വർഷകാലവർണ്ണന അനുപമമെന്നു മാത്രമേ വിശേഷിപ്പിക്കാനാവൂ. ഋതുഭേദങ്ങൾ പ്രകൃതിയിലും, മൃഗാദികളിലും, മനുഷ്യരിലും വരുത്തിത്തീർക്കുന്ന മാറ്റങ്ങൾ ഒരു ചലച്ചിത്രത്തിലെന്നവണ്ണം ഒപ്പിയെടുത്ത് അക്ഷരങ്ങളിലൂടെ അവതരിപ്പിച്ചിരിയ്ക്കുകയാണ് മഹാകവികളിൽ മഹാകവികൂടിയായ ഈ ഋഷിപുംഗവൻ. വിരഹിയായ രാമന്റെ മനസ്സിലൂടെ യഥാർത്ഥ ഭാര്യാ ഭർത്തൃസ്നേഹത്തിന്റെ മാറ്റ് മനസ്സിലാക്കിത്തരികകൂടിയാണ് വാല്മീകിരാമായണം. ദിവസങ്ങളും, മാസങ്ങളും, ആഴ്ചകളും, വിനാഴികകളും, യുഗങ്ങൾപോലെ കണക്കാക്കി പതീസാമീപ്യത്തിനായി മോഹിയ്ക്കുന്ന മനുഷ്യമനസ്സാക്ഷി മനസ്സിലാക്കാൻ മർക്കട മാനസത്തിനെങ്ങനെയാണ് സാദ്ധ്യമാവുക? എന്ന് നമുക്ക് ബോദ്ധ്യമാകുന്ന സന്ദർഭങ്ങൾ നിരവധിയാണ്. ദീർഘകാലത്തെ എണ്ണിയാലൊടുങ്ങാത്ത ദുരിതങ്ങൾക്കുശേഷം രാജപദവിയിലെത്തിയ സുഗ്രീവൻ സർവ്വതും മറന്ന്, മദോന്മത്തനായി മന്മഥലീലകളിൽ മുഴുകി ജീവിയ്ക്കുകയായിരുന്നു. ശ്രീരാമനെക്കുറിച്ചോ സീതാന്വേഷണ ഉടമ്പടികളെക്കുറിച്ചോ ഓർമ്മപോലുമില്ലാതെ ഭോഗാവസ്ഥ സുഗ്രീവനെ കീ

ഴ്പ്പെടുത്തുകയായിരുന്നു. സ്നേഹബന്ധങ്ങളും, ഉടമ്പടികളും, മാനസികപരിഗ ണനകളുമെല്ലാം നിലനിർത്തിക്കൊണ്ടുപോവുകയാണ് ലോകനീതിയെന്ന തിരിച്ചറിവുള്ള മന്ത്രിമുഖ്യൻ ഹനുമാന്റെ സദുപദേശങ്ങളൊന്നും സുഗ്രീവനെ സ്വാധീനിച്ചില്ല. ബുദ്ധിയും, വിവേകവുമുള്ളവർ മദ്യത്തിലും, മദിരാക്ഷിയിലും മയങ്ങാതെ വസ്തുതകൾ വിവേചിച്ചറിഞ്ഞ് തീരുമാനത്തിലെത്തി പ്രവർത്തിച്ചെങ്കിൽ മാത്രമേ ചെറിയകുടുംബം മുതൽ രാജ്യഭരണം വരെ സു ഗമമായി നടത്തിക്കൊണ്ടുപോകാനാവുകയുള്ളുവെന്നു കൃതകൃത്യനായ വാല്മീകി മഹർഷി ആനുഷംഗികമായി സൂചിപ്പിക്കുന്നു. ബന്ധുമിത്രാദികൾ പരസ്പരം കടമകൾ മറക്കുമ്പോൾ ശത്രുത തിരിനീട്ടുന്നു. ഈ തിരിനാളം സക ലരുടേയും സ്വസ്ഥതയും, സമാധാനവും ഇല്ലായ്മചെയ്യുമെന്ന ഹനുമാന്റെ പണ്ഡിതോചിതമായ സദുപദേശങ്ങളൊന്നും തന്നെ സ്വബോധം നഷ്ടമായ സുഗ്രീവനിൽ പ്രതികരണം സൃഷ്ടിച്ചില്ല. ഉടമ്പടി നടപ്പിലാക്കാൻ ഉത്സാഹിക്കാ ത്തതിൽ കുപിതനായ ലക്ഷ്മണൻ സുഗ്രീവനോട് എതിരിടാൻ തയ്യാറായി. ശ്രീരാമൻ പിൻതിരിപ്പിക്കാൻ കാര്യമായി ശ്രമിച്ചെങ്കിലും വാക്കുമറന്നവരെ വേരോടെ പിഴുതെറിയുമെന്ന വെല്ലുവിളിയുമായി അദ്ദേഹം സുഗ്രീവന്റെ ആസ്ഥാനത്ത് പ്രവേശിച്ചു. കോപാവേശം പൂർണ്ണമായി മനസ്സിലാക്കിയ മന്ത്രി മുഖ്യർ, വാനരരാജാവിനെ ഭോഗാലസ്യത്തിൽനിന്നുണർത്തി കാര്യഗൌര വം ബോധ്യപ്പെടുത്തിയപ്പോഴാണ് സുഗ്രീവന് ഇക്കാര്യം തനിയ്ക്ക് കൈകാര്യം ചെയ്യാൻ സാധിയ്ക്കുകയില്ലെന്ന് ബോദ്ധ്യമായത്. ക്രുദ്ധനായ ലക്ഷ്മണനെ അനുനയിപ്പിക്കാനായി, ഹനുമാന്റെയും മറ്റും ഉപദേശം മാനിച്ച് രാജപത്നി യായ താരയെ നിയോഗിച്ചു. വാനരവംശത്തെ സർവ്വനാശത്തിൽനിന്ന് സം രക്ഷിയ്ക്കാൻ ഈ ഒരുമാർഗ്ഗം മാത്രമേ അവർക്കുമുന്നിലുണ്ടായിരുന്നുള്ളൂ. താരയുടെ ബുദ്ധിപൂർവ്വവും, സന്ദർഭോചിതവുമായ സമീപനം ലക്ഷ്മണന്റെ ഉഗ്രകോപത്തിന് അല്പം അയവുവരുത്തി. ഉപകാരസ്മരണയില്ലാത്തവരേയും, വാക്കുപാലിയ്ക്കാത്തവരേയും തക്കതായ ശിക്ഷനൽകി ലോകനീതി നടപ്പിലാ ക്കാനാണ് താനെത്തിയിരിയ്ക്കുന്നതെന്ന ലക്ഷ്മണ വാക്യം വാനരവംശത്തിൽ ഭയപ്പാടുയർത്തി. പക്ഷേ താരയുടെ നിരന്തരവും, ബുദ്ധിപൂർവ്വവുമായ സംഭാ ഷണചാതുരി ലക്ഷ്മണനെ കടുത്തനടപടികളിൽനിന്ന് പിൻതിരിപ്പിച്ചു. സർവ്വ തും ഏറ്റുപറഞ്ഞ് സുഗ്രീവനും, മന്ത്രിമുഖ്യനായ ഹനുമാനും ചേർന്ന് ഉടൻത ന്നെ സീതാന്വേഷണപ്രക്രിയകൾക്ക് ആക്കം വർദ്ധിപ്പിച്ചു. രാജ്യത്തുള്ള സകലസേനാസന്നാഹങ്ങളേയും വിളിച്ചുചേർത്ത് കൂട്ടായ അന്വേഷണത്തിന് സർവ്വസൈന്യാധിപനായ നീലന് ഉടൻ നിർദ്ദേശം നൽകി. ഉപകാരസ്മര ണയില്ലാത്തവരും, വാക്കുപാലിക്കാത്തവരും ലോകത്തിനുതന്നെ അധികപ്പ റ്റാണെന്ന് വാല്മീകി ഓർമപ്പെടുത്തുന്നു. സാന്ദർഭികമായി നന്മയും, തിന്മയും വെളിപ്പെടുത്തുകയും നന്മയെ തെരഞ്ഞെടുക്കാൻ പ്രേരിപ്പിയ്ക്കുകയുമാണ് ഋഷി ശ്രേഷ്ഠൻ ചെയ്തിരിയ്ക്കുന്നത്. പ്രത്യേകിച്ചും ഈ കാലഘട്ടം ആവശ്യപ്പെടുന്നതും

ഇക്കാര്യംതന്നെയാണ്. യഥാർത്ഥ ഗുരുവിന്റെ അഭാവം ഇന്നത്തെ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയും, വെല്ലുവിളിയുമാണ്. ഈ പ്രതിസന്ധിയിൽനിന്നും നേരായമാർഗ്ഗം തെരഞ്ഞെടുത്ത് ജീവിതം സുഖസമ്പൂർണ്ണമാക്കാൻ വാല്മീകി രാമായണംപോലുള്ള ഉത്തമ ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ ഉപകരിയ്ക്കുന്നു. "അവനവനാത്മസുഖത്തിനാചരിയ്ക്കുന്നവ അപരന് സുഖത്തിനായ് വരേണമേ" എന്ന മഹത്തായ പ്രാർത്ഥന ജീവിത വ്രതമാക്കിയ ഋഷിപുംഗവന്മാർ, പടുത്തുയർത്തിയ ഭാരതീയ സംസ്കാരം ലോകത്തിനുതന്നെ മാതൃകയാണ്. അതുമറന്ന് പ്രവർത്തിയ്ക്കരുതെന്ന് വാല്മീകി രാമായണം ഉദ്ബോധിപ്പിയ്ക്കുന്നു.

(തുടരും)

# താന്ത്രികവൈഷ്ണവദർശനം

**ഡോ. ദാമോദർ നാരായണൻ സി.എൻ.**

(കഴിഞ്ഞ ലക്കം തുടർച്ച)

ഷഡ്ഗുണങ്ങൾക്ക് നേരിയ തോതിൽ വ്യത്യാസത്തോടെയുള്ള നിർവ്വചനം ലക്ഷ്മീതന്ത്രത്തിലും കാണാൻ സാധിക്കുന്നതാണ്. ലക്ഷ്മീദേവി ഇപ്രകാരം പറയുന്നു-

അഹമിത്യാന്തരം രൂപം ജ്ഞാനരൂപമുദീര്യതേ
പ്രകാശകാദികം രൂപം സ്ഫടികാദിസലക്ഷണം
അതസ്തജ്ഞാനരൂപത്വം മമ നാരായണസ്യ ച
അവ്യാഹതിര്യദ്ദ്യന്ത്യാസ്തദൈശ്വര്യം പരം മമ
ഇച്ഛേതി സോച്യതേ തത്തത്തത്ത്വശാസ്ത്രേഷു പണ്ഡിതൈഃ
ജഗത്പ്രകൃതിഭാവോ മേ യഃ സാ ശക്തിരുദീര്യതേ
സൃജന്ത്യാഃ യച്ഛ്രമാഭാവോ മമ തദ്ബലമിഷ്യതേ
ഭരണം യച്ച കാര്യസ്യ ബലം തച്ച പ്രചക്ഷതേ
ശക്ത്യംശകേന ച പ്രാഹുർഭരണം തത്ത്വകോവിദാഃ
വികാരരഹിതോ വീര്യം പ്രകൃതിത്വേഽപി മേ സദാ
സ്വഭാവം ഹി ജഗത്യാശ്രു പയോ ദധിസമുദ്ഭവേ
ജഗദ്ഭാവേഽപി സാ നാസ്തി വികൃതിർമ്മമ നിത്യദാ
വികാരവിരഹോ വീര്യമിതി തത്ത്വവിദാം മതം
വിക്രമഃ കഥിതോ വീര്യമൈശ്വര്യാംശസ്തു സ സ്മൃതഃ
സഹകാര്യനപേക്ഷാ മേ സർവ്വകാര്യവിധൌ ഹി യാ
തേജഃ ഷഷ്ഠം ഗുണം പ്രാഹുസ്തമിമം തത്ത്വവേദിനഃ.
പരാഭിവഭസാമർത്ഥ്യം തേജഃ കേചിത് പ്രചക്ഷതേ
ഐശ്വര്യേ യോജയന്ത്യേകേ തത്തേജസ്തത്ത്വകോവിദാഃ

ഇതി പഞ്ചഗുണാഃ ഏതേ ജ്ഞാനസ്യ സ്രുതയോ മതാഃ
ലക്ഷ്മീതന്ത്രം (2.26-34)

ഈ ഷഡ്ഗുണങ്ങളിൽ ജ്ഞാനം, ഐശ്വര്യം, ശക്തി എന്നിവ പ്രധാനവും വീര്യം ശക്തി തേജസ്സ് എന്നീ ഗുണങ്ങൾ അപ്രധാനവും ആണെന്ന് പറയുന്നു.

തിസ്രോ മമ സ്വഭാവാഖ്യാഃ വിജ്ഞാനൈശ്വര്യശക്തയഃ
ഉന്മിഷത്യഃ പൃഥക് തത്ത്വത്രയേണ പരികീർത്തിതാഃ
ബലം വീര്യം തഥാ തേജഃ ഇത്യേതത്തു ഗുണത്രയം
ശ്രമാദ്യവിദ്യാഭാവാഖ്യം ജ്ഞാനാദേരുപസർജ്ജനം.
(ലക്ഷ്മീതന്ത്രം-2-49-51)

സാത്ത്വതസംഹിതാവ്യാഖ്യാനത്തിൽ അലശിംഗഭട്ടൻ ഇപ്രകാരം പറയുന്നു-

..അഥ ബലസ്യ ജ്ഞാനോപസർജ്ജനത്ത്വാത് തദവ്യവഹിതമേവ തദുക്തം. ഏവമേവ ഐശ്വര്യോപസർജ്ജനം വീര്യം. വീര്യശക്ത്യുപസർജ്ജനം തേജശ്ചോക്തമിതി ജ്ഞേയം.

ജ്ഞാനമെന്നതാണ് ഷാഡ്ഗുണ്യങ്ങളിൽ ആദ്യത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ ഗുണം. അതിൽ നിന്നാണ് മറ്റെല്ലാ ഗുണങ്ങളുടെയും ആവിർഭാവം. ലക്ഷ്മീതന്ത്രത്തിൽ ഇപ്രകാരം പറയുന്നു-

ജ്ഞാനാത്മകം പരം രൂപം ബ്രഹ്മണോ മമ ചോഭയോഃ
ശേഷമൈശ്വര്യവീര്യാദി ജ്ഞാനാദേരുപസർജ്ജനം.(2-24-26)

വ്യൂഹങ്ങളെന്നാൽ ഷഡ്ഗുണങ്ങൾ ഈരണ്ടായി വിഭജിച്ച് മൂന്ന മൂർത്തികളിൽ പ്രധാനമായി നിലനില്ക്കുന്നതാണെന്നു കണ്ടു. ഈ വ്യൂഹങ്ങളിലെ നാലാമതായ അനിരുദ്ധനിൽ നിന്നും വിഭവങ്ങൾ ഉണ്ടാകുന്നു.

വിഭവോഽനന്തരൂപസ്തു പദ്മനാഭമുഖോ വിഭോ
അനിരുദ്ധസ്യ വിസ്താരോ ദർശിതസ്തസ്യ സാത്ത്വതേ.
(ലക്ഷ്മീതന്ത്രം. 2.47)

മുഖ്യം അനുവൃത്തി എന്നിങ്ങനെ ജ്ഞാനാദികളാകുന്ന ഗുണങ്ങളാൽ യുക്തമായി വിഭവങ്ങളുണ്ടാകുന്നുവെന്നു കണ്ടു. മുഖ്യമായ 38 വിഭവങ്ങൾ ഇപ്രകാരം പറയപ്പെട്ടു.

പദ്മനാഭോ ധ്രുവോഽനന്തഃ ശക്തീശോ മധുസൂദനഃ

വിദ്യാധിദേവഃ കപിലോ വിശ്വരൂപോ വിഹംഗമഃ
ക്രോഡാത്മാ ബഡവാവക്ത്രോ ധർമ്മോ വാഗീശ്വരസ്തഥാ
ഏകാർണ്ണവാന്തഃ ശായീ ച തഥൈവ കമഠാകൃതിഃ
വരാഹോ നരസിംഹശ്ചാപ്യമൃതാഹരണസ്തഥാ
ശ്രീപതിർദ്ദിവ്യദേഹോഽഥ കാന്താത്മാമൃതധാരകഃ
രാഹുജിത് കാലനേമിഘ്നഃ പാരിജാതഹരസ്തഥാ
ലോകനാഥസ്തു ശാന്താത്മാ ദത്താത്രേയോ മഹാപ്രഭുഃ.
ന്യഗ്രോധശായീ ഭഗവാനേകശൃംഗതനുസ്തഥാ
ദേവോ വാമനദേഹസ്തു സർവ്വവ്യാപീ ത്രിവിക്രമഃ.
നരോ നാരായണശ്ചൈവ ഹരിഃ കൃഷ്ണസ്തഥൈവ ച
ജ്വലത്പരശുഭൃദ്രാമോ രാമശ്ചാന്യോ ധനുർദ്ധരഃ
വേദവിദ്ഭഗവാൻ കല്കീ പാതാളശയനഃ പ്രഭുഃ.
ത്രിംശച്ചാഷ്ടാവിമേ ദേവാഃ പദ്മനാഭാദയോ മതാഃ.

(ലക്ഷ്മീതന്ത്രം-11.19-25)

1. പദ്മനാഭഃ
2. ധ്രുവഃ
3. അനന്തഃ
4. ശക്തീശഃ
5. മധുസൂദനഃ
6. വിദ്യാധിദേവഃ
7. കപിലഃ
8. വിശ്വരൂപഃ
9. വിഹംഗമഃ
10. ക്രോഡാത്മാ
11. ബഡവാവക് ത്രഃ
12. ധർമ്മഃ
13. വാഗീശ്വരഃ
14. ഏകാർണ്ണവാന്തഃ ശായീ
15. കമഠാകൃതിഃ
16. വരാഹഃ
17. നരസിംഹഃ
18. അമൃതാഹരണഃ
19. ശ്രീപതിഃ
20. കാന്താത്മാ
21. അമൃതധാരകഃ
22. രാഹുജിത്
23. കാലനേമിഘ്നഃ
24. പാരിജാതഹരഃ
25. ലോകനാഥഃ ശാന്താത്മാ
26. ദത്താത്രേയഃ
27. ന്യഗ്രോധശായീ
28. ഏകശൃംഗതനുഃ
29. വാമനദേഹഃ സർവ്വവ്യാപീ ത്രിവിക്രമഃ
30 നരഃ
31. നാരായണഃ
32. ഹരിഃ
33. കൃഷ്ണഃ
34. ഹരിഃ
35. കൃഷ്ണഃ
36. പരശുരാമഃ.
37. ശീരാമഃ..
38. കല്കീ.

അഹിർബുദ്ധ്ന്യസംഹിതയിലും ഇപ്രകാരം വിഭവങ്ങളെ വർണ്ണിച്ചു കാണുന്നു. അതിൽ ലോകനാഥഃ ശാന്താത്മാ എന്നീ വിഭവങ്ങൾ രണ്ടായി 39 എണ്ണമായാണ് പറയപ്പെട്ടിട്ടുള്ളത്.

(തുടരും)

# ശാക്തേയക്കാവുകൾ

ഡോ. അജിതൻ പി.ഐ.

**ശാക്തേയക്കാവുകളുടെ സാംസ്കാരിക-താന്ത്രികപരിസരം: ഒരാലോചന**

കാവുകളെന്ന് കേൾക്കുമ്പോൾ സ്വാഭാവികമായും ഒരു മലയാളിയുടെ മനസ്സിൽ തെളിയുന്ന ചിത്രം കാടിനുള്ളിലെ ഒരു ആരാധനാകേന്ദ്രത്തിന്റേതാവും. ഭയം ജനിപ്പിക്കുന്ന കാട്, പലതരം പക്ഷികളുടെ, പറവകളുടെ നിരന്തരമായ കൂജനങ്ങൾ, അല്ലെങ്കിൽ വന്യമായ നിശ്ശബ്ദത, ഇങ്ങനെയുള്ള വനാന്തരീക്ഷത്തിൽ ഐതിഹ്യങ്ങൾ കൊണ്ട് പെരുമപെറ്റ ഒരു ദേവതാ ക്ഷേത്രം. എല്ലാ അർത്ഥത്തിലും ഭയഭക്തിബഹുമാനങ്ങൾ ജനിപ്പിക്കുന്ന സ്ഥലങ്ങൾ. എന്നാൽ എല്ലാ കാവുകൾക്കും വനാന്തരീക്ഷം ഇല്ല എന്ന് നമുക്കറിയാം. കാരണം കുന്നിൻ മുകളിലോ, പാടത്തിന്റെ നടുവിലോ, നദീതീരത്തോ ഒക്കെ കാവുകൾ കാണപ്പെടുന്നുണ്ട്. കാലങ്ങളായിത്തന്നെ കാവ്-ക്ഷേത്രം എന്നിങ്ങനെ ഒരു വേർതിരിവ് പല തലത്തിലും നിലവിലുണ്ട്. സാത്വികമായ ആരാധനകൾ നടക്കുന്ന സ്ഥലങ്ങൾ ക്ഷേത്രങ്ങൾ, രാജസികവും താമസികവുമായ ആരാധനകൾ നടക്കുന്ന സ്ഥലങ്ങൾ കാവുകൾ എന്നിങ്ങനെയുള്ളതാണ് ഏറെ ബലവത്തായ പൊതുധാരണകൾ. പൊതുവേ കാവുകളുമായി ബന്ധപ്പെട്ടാണ് ഗുരുതി, നിണം, ബലി എന്നീ പേരുകളൊക്കെ കേൾക്കുന്നത്. ക്ഷേത്രവുമായി ബന്ധപ്പെട്ട് കേൾക്കുന്ന വാക്കുകൾ ശ്രീഭൂതബലി, ഉത്സവബലി എന്നിവയൊക്കെയാണ്. ഇത്തരത്തിൽ ഐതിഹ്യത്തിലും, ആരാധനയിലും, ആചാരത്തിലും, കെട്ടിലും മട്ടിലുമൊക്കെ ക്ഷേത്രങ്ങളും കാവുകളും വ്യത്യാസം പുലർത്തുന്നു. ഇതിൽ ചില ശരികളും ചില അബദ്ധധാരണകളും ഉണ്ട്.

ആദ്യമായി കാവ് എന്ന സങ്കല്പത്തെക്കുറിച്ച് ഒന്ന് ആലോചിക്കാം. പരിസ്ഥിതിശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ഭൂതകാലത്ത് വലിയൊരു മേഖലയിൽ കാടായി വ്യാപിച്ചിരുന്ന ഒരു ഭൂപ്രദേശത്തിന്റെ അടയാളവും അവശേഷിപ്പുകളുമാണ് കാവുകൾ. പാർപ്പിട നിർമ്മാണങ്ങൾക്കും നഗരവത്കരണത്തിനുമായി വ്യാപകമായി കാടുകൾ വെട്ടിത്തെളിക്കപ്പെട്ടപ്പോൾ ആരാധനാബിംബങ്ങൾ ഉള്ളത് കൊണ്ടോ അല്ലെങ്കിൽ വിശ്വാസപ്പെരുമ കൊണ്ടോ മാത്രം നിരപ്പാക്കാതെ വിട്ടുകളഞ്ഞ ഭൂപ്രദേശങ്ങളാണിവ. പക്ഷേ, കാലാന്തരത്തിൽ കാടുകളും കുളങ്ങളും അരുവികളും പക്ഷിമൃഗാദികളും എല്ലാം ആവാസവ്യവസ്ഥയ്ക്ക് അനിവാര്യമാണെന്ന് ബോധം ഉദിച്ചപ്പോഴാണ് വീണ്ടും ഇത്തരം ഭൂതകാലാവശിഷ്ടങ്ങൾ ചർച്ചാവിഷയങ്ങളാകുന്നത്. എന്നാൽ, പാരിസ്ഥിതികമായ പ്രാധാന്യത്തേക്കാൾ ഈ ലേഖനം ചർച്ചചെയ്യാനുദ്ദേശിക്കുന്നത് കാവുകളുടെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ ഒരു

ച്ചുറ്റുപാടിനെ കുറിച്ചാണ്. ഈ ലേഖനം പ്രധാനമായും അഭിസംബോധനചെയ്യുന്നത് കേരളത്തിൽ മുഴുവനായും കാണപ്പെടുന്ന കാവുകളെയല്ല മറിച്ച് ഉത്തരമലബാറിലുള്ള ചില കാവുകളെ മാത്രമാണ്. കാരണം മറ്റ് കാവുകളിൽ നിന്നും ഇവ വേറിട്ട് നിൽക്കുന്നു. എന്താണ് വാസ്തവത്തിൽ ഉത്തരമലബാറിലെ കാളീകാവുകളെ മറ്റ് കാവുകളിൽ നിന്നും വ്യത്യസ്തമാക്കുന്നത് എന്നതിലാണ് ഈ ലേഖനത്തിന്റെ ഊന്നൽ.

ഉത്തരമലബാറിലെ ചില കാവുകളുടെ പ്രത്യേകത അവ ചാമുണ്ഡാ കാവുകളാണ് എന്നതാണ്. എന്നാൽ ഉത്തരകേരളത്തിൽ മാത്രമോ ചാമുണ്ഡാ കാവുകൾ ഉള്ളൂ? അല്ല. പക്ഷേ ഉത്തരമലബാറിലെ ചാമുണ്ഡാ കാവുകളുടെ പ്രത്യേകത ശാക്തേയം എന്ന ഒരു വിശേഷപൂജാവിധാനത്തിലാണ് ഇവിടങ്ങളിലെ ആരാധന എന്നതാണ്. മറ്റ് ചാമുണ്ഡാ കാവുകളിലെ പൂജകൾ സാധാരണയായി കേരളത്തിലെ ഭദ്രകാളീക്ഷേത്രങ്ങളിൽ നമ്പൂതിരിമാർ ചെയ്യുന്ന ക്രമത്തിലാണ്. ഇതിലേക്ക് വരുന്നതിന് മുമ്പ് കേരളത്തിലെ ചാമുണ്ഡാ കാവുകൾ ഏതൊക്കെയാണെന്ന് നോക്കാം. കേരളത്തിൽ ചാമുണ്ഡാ കാവുകൾ ആകെ പതിനെട്ടെണ്ണമാണ് ഉള്ളതെന്നാണ് ഇപ്പോഴത്തെ നിഗമനം. അവ-

1 മന്നംപുറത്ത് കാവ് - നീലേശ്വരം
2 കളരിവാതുക്കൽ ഭഗവതീക്ഷേത്രം - വളപട്ടണം
3 പനങ്കാവ് - കണ്ണൂർ
4 മാടായി തിരുവർക്കാട്ട് കാവ് - പഴയങ്ങാടി
5 മാമാനിക്കുന്ന് ഭഗവതിക്ഷേത്രം - ഇരിക്കൂർ
6 ശ്രീവാഴുഞ്ചേരി ഭഗവതിക്ഷേത്രം തിരുവഞ്ചേരിക്കാവ് - കൂത്തുപറമ്പ്
7 അമ്മക്കോട്ടം - ശ്രീകണ്ഠാപുരം ഇരിക്കൂർ
8 തിരുവളയനാട്ട് കാവ് - കോഴിക്കോട്
9 തിരുവളയനാട്ട് കാവ് - കോട്ടക്കൽ
10 പിഷാരിക്കാവ് - കൊയിലാണ്ടി
11 കളിയാംവള്ളി ഭഗവതിക്ഷേത്രം - ഇടച്ചേരി, വടകര
12 കൊടിക്കുന്ന് ഭഗവതിക്ഷേത്രം - പട്ടാമ്പി
13 തിരുമാന്ധാംകുന്ന് ഭഗവതിക്ഷേത്രം - അങ്ങാടിപ്പുറം
14 കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം - തൃശ്ശൂർ
15 പരുമല വലിയ പനയന്നാർക്കാവ് - പത്തനംതിട്ട
16 മൂത്തൂർ ഭഗവതിക്ഷേത്രം - മുത്തൂറ്റുകാവ് - പത്തനംതിട്ട
17 ഈശാനത്ത് കാവ് - കോട്ടയം
18 തിരുവാറാട്ട് കാവ് - ആറ്റിങ്ങൽ.

ഒരു പക്ഷേ, ഇവയുടെ (ചാമുണ്ഡാ കാവുകളുടെ) എണ്ണം പതിനെട്ടിലും മുകളിൽ പോകാം. എന്തായാലും ഈ പതിനെട്ട് ചാമുണ്ഡാ കാവുകളിൽ മന്നംപുറത്ത് കാവുമുതൽ കളിയാംവള്ളി വരെയുള്ള പതിനൊന്ന് എണ്ണം

മാത്രമാണ് ശാക്തേയക്കാവുകൾ. അതായത്

1 മന്നംപുറത്ത് കാവ് - നീലേശ്വരം
2 കളരിവാതുക്കൽ ഭഗവതീക്ഷേത്രം - വളപട്ടണം
3 പനങ്കാവ് - കണ്ണൂർ
4 മാടായി തിരുവർക്കാട്ട് കാവ് - പഴയങ്ങാടി
5 മാമാനിക്കുന്ന് ഭഗവതിക്ഷേത്രം - ഇരിക്കൂർ
6 ശ്രീവാഴഞ്ചേരി ഭഗവതിക്ഷേത്രം തിരുവഞ്ചേരിക്കാവ് - കൂത്തുപറമ്പ്
7 അമ്മങ്കോട്ടം - ശ്രീകണ്ഠാപുരം ഇരിക്കൂർ
8 തിരുവളയനാട്ട് കാവ് - കോഴിക്കോട്
9 തിരുവളയനാട്ട് കാവ് - കോട്ടക്കൽ
10 പിഷാരിക്കാവ് - കൊയിലാണ്ടി
11 കളിയാംവള്ളി ഭഗവതിക്ഷേത്രം - ഇടച്ചേരി, വടകര

ഇവിടങ്ങളിൽ മാത്രമേ ശാക്തേയവിധിപ്രകാരമുള്ള പൂജകൾ നടക്കുന്നതായി അറിവുള്ളൂ. ഇവ കൂടാതെ പണ്ട് കാലത്ത് ശാക്തേയപൂജ നടന്നതായി കേട്ട്കേൾവിയുള്ള രണ്ട് ക്ഷേത്രങ്ങളാണ് തിരുവാറാട്ട് കാവും, പനയന്നാർ കാവും. എന്നാൽ ഏതാനും കുറേ ദശകങ്ങളായി ഇവിടങ്ങളിൽ ശാക്തേയവിധാനം നിലവിലില്ല. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിലെ ശാക്തേയക്കാവുകൾ ഇന്നത്തെ നിലയ്ക്ക് കേവലം പതിനൊന്നെണ്ണം മാത്രമാണ്.

ആദ്യമായി ചാമുണ്ഡാക്ഷേത്രങ്ങളുടെ അഥവാ കാവുകളുടെ ഘടനാപരമായ സവിശേഷത എന്താണെന്ന് നോക്കാം. അതിന് ശേഷം ശാക്തേയക്കാവുകളിലേക്ക് വരാം. പേര് സൂചിപ്പിക്കുന്നത് പോലെ ചാമുണ്ഡയാണ് ഇവിടങ്ങളിലെ പ്രധാനദേവത. ചാമുണ്ഡ പ്രധാനമായിട്ടുള്ള കാവുകൾ സാങ്കേതികമായി രുരുജിത്ത് ക്ഷേത്രങ്ങൾ എന്നാണ് വ്യവഹരിക്കപ്പെടുന്നത്. എന്നാൽ സമൂഹത്തിലെ ഒരു ചെറിയ വിഭാഗം ആളുകൾക്ക് മാത്രമേ ഇവയ്ക്ക് രുരുജിത് കാവുകളെന്ന് പേരുണ്ടെന്ന് അറിയാവൂ. പൊതുജനത്തെ സംബന്ധിച്ച് ഇവയെല്ലാം കാളീക്ഷേത്രങ്ങൾ ആണ്. മറ്റ് ക്ഷേത്രങ്ങളിൽ നിന്നും ഭിന്നമായി ചാമുണ്ഡാ കാവുകളുടെ ഘടനാപരമായ സവിശേഷത ഒരേ മതിൽക്കകത്ത് തന്നെ ചാമുണ്ഡാ അല്ലെങ്കിൽ ഭദ്രകാളി, സപ്തമാതൃക്കൾ, ശിവൻ, ക്ഷേത്രപാലൻ എന്നീ ദേവതകളുടെ പ്രതിഷ്ഠകൾ കാണാമെന്നുള്ളതാണ്. ഈ നാല് ദേവതകളും ഒരു മതിൽക്കകത്ത് വെവ്വേറെ പ്രതിഷ്ഠകളായോ സങ്കല്പത്തിലോ വരുന്നുവെങ്കിൽ അതിനെയാണ് രുരുജിത്ത് കാവ് എന്ന് ഇന്ന് വിളിച്ചുപോരുന്നത്. ബ്രാഹ്മി, മാഹേശ്വരി, കൌമാരി, വൈഷ്ണവി, വാരാഹി, ഇന്ദ്രാണി, ചാമുണ്ഡ ഇവരാണ് സപ്തമാതൃക്കൾ. ഇവരെക്കൂടാതെ മഹാലക്ഷ്മി എന്ന എട്ടാമതൊരു മാതൃസങ്കല്പവും ഉണ്ട്. സ്വച്ഛന്ദം തുടങ്ങിയ തന്ത്രഗ്രന്ഥങ്ങളിൽ എട്ടാമത്തെ മാതൃസങ്കല്പമായി പറഞ്ഞുകാണുന്നത് യോഗേശ്വരിയെ ആണെന്നുള്ളതും ഇവിടെ പ്രത്യേകം പരാമർശനീയമാണ്.

മേൽപ്പറഞ്ഞ പതിനെട്ട് കാവുകളിൽ വളയനാട് കാവിലും പിഷാരിക്കാവിലും മാത്രമാണ് അഷ്ടമാതൃക്കൾ ഉള്ളത് എന്നത് ആ കാവുകളുടെ ഘടനാപര മായ ഒരു സവിശേഷതയാണ്. മറ്റെല്ലാ കാവുകളിലും സപ്തമാതൃക്കൾക്കാണ് പ്രതിഷ്ഠയുള്ളത്.

ഇനി ഉത്തരമലബാറിലെ ശാക്തേയക്കാവുകളിലേക്ക് വരാം. ശാക്തേയം എന്നുള്ളത് സവിശേഷമായ ഒരു പൂജാവിധാനമാണ്. ഇത് കേര ളത്തിൽ പ്രത്യേകിച്ചും പഴയകാല നായർതറവാടുകൾ, പ്രമാണിമാരുടെ വീടുകൾ തുടങ്ങിയ സ്ഥലങ്ങളിൽ നൂറ്റാണ്ടുകളായി ആചരിച്ചുവരുന്നതും ഇന്നും ഇത്തരം സങ്കേതങ്ങളിൽ നിലനിന്ന് പോരുന്നതുമായ ശക്ത്യാരാധ നാ സമ്പ്രദായമാണ്. എന്നാൽ പതിനൊന്ന് കാവുകളെ ശാക്തേയക്കാവു കൾ എന്ന് വിശേഷനാമകരണം ചെയ്യാൻ കാരണം ശാക്തേയബ്രാഹ്മണർ എന്ന വിഭാഗത്തിൽ പെടുന്ന ആളുകളാണ് ഇവിടെ പൂജ ചെയ്യുന്നത് എന്നതു കൊണ്ടാണ്. മാത്രവുമല്ല അവർ മുൻസൂചിപ്പിച്ച ശാക്തേയമെന്ന സവിശേഷ മായ പൂജാവിധാനത്തിൽ ആരാധിക്കുന്ന ഇടം കൂടിയാണ് ശാക്തേയക്കാവു കൾ. ഇത്തരം കാവുകളെ കേരളത്തിലെ നമ്പൂതിരി സമുദായക്കാർ രണ്ടാംകിട ദേവാലയങ്ങളുടെ ഗണത്തിലാണ് പെടുത്തിയിട്ടുള്ളത്. കാരണം ഇവിടെ മദ്യമാംസാദികൾ ഉപയോഗിച്ചുള്ള പൂജയാണ് നടപ്പിലുള്ളതെന്നതി നാലും നമ്പൂതിരി സമുദായത്തിൽ പെട്ട ആളുകൾ അല്ല ഇവിടെ പൂജചെയ്യുന്നവർ എന്നതിനാലും. ഇത്തരം മനോഭാവം നമ്പൂതിരിമാർ മാത്രം വച്ച് പുലർത്തുന്നതല്ല മറിച്ച് ജ്യോത്സ്യന്മാരും ഇതിൽ പ്രധാനമായ പങ്ക് വഹി ക്കുന്നുണ്ട്. ജ്യോത്സ്യന്മാരുടെ ഭാഷയിൽ മദ്ധ്യമത്തിലോ അധമത്തിലോ വരുന്ന ക്ഷേത്രങ്ങളാണ് ഈ കാവുകൾ.

തന്ത്രശാസ്ത്രം അതി വിപുലവും അതി സങ്കീർണ്ണവുമാണ്. വർഷങ്ങ ളോളം പ്രയത്നിച്ചാൽ മാത്രം മനസ്സിലാവുന്ന, എന്നാൽ പോലും മനസ്സിലാ ക്കാൻ സാധിക്കാത്ത കാര്യങ്ങൾ ആണ് ഇതിൽ പലതും. അവയിൽ നല്ലൊരു ശതമാനവും ജ്യോതിഷത്തിന്റെ പരിധിയിൽ വരുന്നതല്ല. കൂടാതെ തന്ത്രത്തി ലെ പല പാരമ്പര്യങ്ങളുടേയും പ്രത്യേകത വിച്ഛേദം സംഭവിച്ച് കാലാന്തര ത്തിൽ പുനരുജ്ജീവിപ്പിക്കപ്പെട്ടതാണ് എന്നതാണ്. അതായത് വാടിക്കരി ഞ്ഞ് പിന്നീട് തളിർത്ത് വരികയും വീണ്ടും കൊഴിഞ്ഞ് തളിർക്കുകയും ചെയ്യുക എന്നതാണ് താന്ത്രികപാരമ്പര്യങ്ങളുടെ പൊതു സ്വഭാവം. അതിനാൽ തന്നെ ഇതിൽ അജ്ഞാതമായി വെളിച്ചം വീശാതെ കിടക്കുന്ന ഉള്ളറകൾ ഏറെയാണ്. ദൗർഭാഗ്യമെന്ന് പറയട്ടെ ഇത്തരം കാര്യങ്ങളിൽ പോലും ജ്യോതിഷികൾ തീർപ്പ് കല്പിക്കുന്നു. അത്തരമൊരു തീർപ്പുകല്പനയുടെ ഭാഗമാ യിട്ടാണ് ശാക്തേയക്കാവുകൾ മദ്ധ്യമത്തിലേക്കോ അല്ലെങ്കിൽ അധമത്തി ലേക്കോ ഇകഴ്ത്തപ്പെടുന്നത്. എന്നാൽ വാസ്തവത്തിൽ തന്ത്രശാസ്ത്രത്തിലെ ഏറ്റവും ഉയർന്നതെന്ന് വാഴ്ത്തപ്പെട്ടിട്ടുള്ള ക്രമസമ്പ്രദായത്തിലെ ആരാധന ഭാഗികമായിട്ടെങ്കിലും നിലനിർത്തിപ്പോരുന്ന കാവുകളാണ് ഇവ.

അതിനാൽ തന്നെ ശാക്തേയക്കാവുകളെ തരംതാഴ്ത്തിയുള്ള പരാമർശങ്ങൾ അറിവില്ലായ്മയിൽ നിന്ന് വരുന്നതാണെന്ന് നിസ്സംശയം പറയേണ്ടി വരും. ഈ പൊതുധാരണ മാറ്റാൻ ഈ കാവുകളെ പല ദൃഷ്ടികോണിലൂടെയും നോക്കിക്കാണേണ്ടതുണ്ട്. ഇനി ഈ കാവുകളുടെ നിജസ്ഥിതി എന്താണെന്നും എന്താണ് പൊതു ധാരണയെന്നും അതെങ്ങനെ ഉണ്ടായി എന്നും അന്വേഷിക്കാം.

**രാജരക്ഷാകർത്തൃത്വം**

മറ്റ് ക്ഷേത്രങ്ങളിൽ നിന്നും വ്യത്യസ്തമായി ശാക്തേയക്കാവുകൾക്ക് നാട്ടുരാജാക്കന്മാരായ കോലത്തിരി, സാമൂതിരി തുടങ്ങിയവരുടെ ശക്തമായ പിന്തുണയും രക്ഷാകർത്തൃത്ത്വവും ഉണ്ടായിരുന്നുവെന്നത് ഒരു വസ്തുതയാണ്. അതിനൊരു കാരണം ഇവ രാജാക്കന്മാരുടെ ശക്തികേന്ദ്രങ്ങളായിട്ടാണ് കണക്കാക്കിപ്പോന്നിട്ടുള്ളത് എന്നതാണ്. സൂക്ഷ്മമായി നോക്കുമ്പോൾ ഈ കാവുകൾക്കെല്ലാം തന്നെ ഒരു രാജബന്ധത്തിന്റെ കഥ അന്നും ഇന്നും പറയാനുണ്ട് എന്ന് കാണാം. മാത്രവുമല്ല കോലത്തിരിയും സാമൂതിരിയുമൊക്കെ യുദ്ധത്തിന് പുറപ്പെടുന്നതിന് മുമ്പ് കളരിവാതുക്കൽ, വളയനാട് തുടങ്ങിയ ശാക്തസങ്കേതങ്ങളിൽ സ്വന്തം പടവാൾ പൂജിച്ചിരുന്നതായി കൊട്ടാരത്തിൽ ശങ്കുണ്ണി, സി. എം. എസ് ചെന്തേര തുടങ്ങിയ ഐതിഹ്യകാരന്മാർ സൂചിപ്പിച്ചിട്ടുള്ളത് ഈ വാദത്തിന് ശക്തിപകരുന്നു. കൂടാതെ, രാജഭരണവുമായി ഇത്തരം കാവുകൾ ചേർന്ന് നിന്നിരുന്നുവെന്നതിന് വാമൊഴിപാരമ്പര്യത്തിലും തെളിവുകൾ ധാരാളമായുണ്ട്. ഇതിനെല്ലാമുപരി ചാമുണ്ഡയുടെ ക്ഷേത്രാരാധനാവിധായകങ്ങളും പൂർവ്വകാല ഗ്രന്ഥങ്ങളുമായ ദക്ഷിണേന്ത്യൻ ബ്രഹ്മയാമളം, മാതൃസദ്ഭാവം എന്നിവയിലും ഈശാനശിവഗുരുദേവ പദ്ധതിയെന്ന ശൈവ പദ്ധതിഗ്രന്ഥത്തിലും നാട്ടുരാജാക്കന്മാർക്ക് വേണ്ടിയാണ് ചാമുണ്ഡാ ക്ഷേത്രങ്ങൾ പണിയുന്നത് തന്നെ എന്നതരത്തിലുള്ള തുറന്ന പരാമർശങ്ങൾ കാണാം. രാജാവിന് ശത്രുരാജാവിന്മേലും രാജ്യത്തിലുമുള്ള അധിനിവേശം-ജയം, നാട്ടുരാജ്യത്തെ പ്രജകളുടെ ക്ഷേമം ഇവയൊക്കെയാണ് ചാമുണ്ഡാക്ഷേത്രങ്ങൾ നിർമ്മിക്കുന്നതിന് ആധാരമായ ഘടകങ്ങൾ. ഇത്തരത്തിൽ നോക്കിയാൽ ഭക്തിപ്രധാനമായ ഒരു ആരാധനാകേന്ദ്രമെന്നതിനേക്കാളുപരി രാഷ്ട്രീയപരിഗണനകളാണ് ചാമുണ്ഡാ ക്ഷേത്ര നിർമ്മിതിയുടെ മുന്നിൽ വർത്തിച്ച പ്രേരകഘടകം എന്ന് എളുപ്പം മനസ്സിലാക്കാം. ഇത്തരം ചാമുണ്ഡാപ്രധാനമായ ക്ഷേത്രങ്ങൾ കേരളത്തിലെത്തുന്നത് കർണ്ണാടകം വഴിയോ അല്ലെങ്കിൽ ഒറീസ, ബംഗാൾ വഴിയോ ആയിരിക്കാമെന്ന് ചരിത്രകാരന്മാർ നേരത്തെ തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

സപ്തമാതൃക്കളുടെ ആരാധനയും രാജഭരണം, ദേശരക്ഷ തുടങ്ങിയവയുമായി പുരാതനകാലം മുതൽക്കുതന്നെ ബന്ധമുള്ളതായി കാണാം. പുരാ

ണങ്ങൾ, ഭദ്രകാളീമാഹാത്മ്യം, ദേവീമാഹാത്മ്യം എന്നിവയിലെല്ലാം സപ്തമാതൃക്കൾ ഉടലെടുക്കുന്നത് തന്നെ യുദ്ധത്തിന് വേണ്ടിയാണ് എന്നത് ശ്രദ്ധേയമായ ഒരു വസ്തുതയാണ്. ചാമുണ്ഡ, സപ്തമാതൃക്കൾ തുടങ്ങിയവരുടെ ആരാധന വിസ്തരിച്ച് പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെ മാതൃതന്ത്രങ്ങൾ എന്നാണ് വിളിക്കുന്നത്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ദക്ഷിണേന്ത്യൻ ബ്രഹ്മയാമളം. അതനുസരിച്ച് യുദ്ധത്തിൽ ജയം കൈവരിക്കുന്നതിനാണോ അല്ലെങ്കിൽ പ്രജകളുടെ ക്ഷേമത്തിനാണോ എന്നതിനനുസരിച്ച് ചാമുണ്ഡയുടെയും സപ്തമാതൃക്കളുടേയും ആയുധങ്ങൾക്കും കൈകളുടെ എണ്ണത്തിനും മാറ്റം വരുന്നു. സപ്തമാതൃക്കളിൽ ഓരോ ആൾക്കും പ്രത്യേകം നിറം, വാഹനം എന്നിവയൊക്കെയുണ്ട്. പ്രതിഷ്ഠയുടെ ഉദ്ദേശം അനുസരിച്ച് ദേവതകളുടെ കൈകളുടെ എണ്ണം, ആയുധങ്ങൾ, നിറം, സ്ഥാനങ്ങൾ ഇവയൊക്കെ വ്യത്യാസപ്പെടുന്നു. അതുപോലെത്തന്നെ ഗ്രാമാതിർത്തിയിലാണോ, രാജധാനിയിലാണോ ക്ഷേത്രം നിർമ്മിക്കേണ്ടത് എന്നൊക്കെ തീരുമാനിക്കപ്പെടുന്നത് ക്ഷേത്രനിർമ്മിതിക്ക് അടിസ്ഥാനമായ സങ്കൽപ്പത്തിൽ ഊന്നിയാണ്. ഋജിത്ത് വിധാന ക്ഷേത്രങ്ങളിൽ മാതൃനായികയായ ചാമുണ്ഡ ഗണപതിയുടെ അടുത്തായോ, മാതൃക്കളുടെ മദ്ധ്യത്തിലോ, മാതൃക്കളുടെ നിരയിൽ അവസാനമായോ വരാവുന്നതായി ഈശാനശിവഗുരുദേവപദ്ധതി സൂചിപ്പിക്കുന്നു. ഇത്തരം ഏറെ സങ്കീർണ്ണങ്ങളായ നിയമസംഹിതകൾ മാതൃതന്ത്രങ്ങളിൽ കാണാം. പക്ഷേ, ക്ഷേത്രനിർമ്മിതിയിൽ മേൽപ്പറഞ്ഞ ഗ്രന്ഥങ്ങളെ പിൻപറ്റിയിരുന്നോ എന്നുള്ളത് തീർത്തും മറ്റൊരു വിഷയമാണ് അത് വേറൊരു അന്വേഷണത്തിന് വക നൽകുന്നുണ്ട്. കേരളത്തിൽ ബ്രഹ്മയാമളം അറിയുന്നവർ അക്കാലത്ത് ഉണ്ടായിരുന്നെന്നും ഗ്രന്ഥനിയമങ്ങളെ അതേപടി അനുസരിച്ചാണ് ഇവിടെ ക്ഷേത്രങ്ങളെല്ലാം നിർമ്മിച്ചത് എന്നെല്ലാമുള്ള ചിന്തകളോ വാദങ്ങളോ എത്രത്തോളം ശരിയാണെന്ന് അറിയില്ല. കാരണം ഏത് പാരമ്പര്യവും പ്രാദേശിക സാഹചര്യങ്ങൾക്ക് അനുസരിച്ച് പുനഃക്രമീകരിക്കപ്പെടാറുണ്ട്. അത്തരം ക്രമീകരണങ്ങൾ മിക്കവാറും വാമൊഴിയായി തന്നെ നിലകൊള്ളും. അതിനാൽ ഗ്രന്ഥങ്ങളിലുള്ള വിവരണങ്ങളെ മാത്രം വച്ച് അതാണ് വസ്തുത എന്ന് വിശ്വസിച്ചാൽ തെറ്റായിപ്പോകും. പറഞ്ഞുവരുന്നത് ഗ്രന്ഥപാരമ്പര്യവും കവിഞ്ഞ് നിൽക്കുന്നതാണ് വാമൊഴി പാരമ്പര്യം എന്നാണ്. അതിനാൽ ഗ്രന്ഥങ്ങൾ നൽകുന്ന ചിത്രം ഭാഗികം മാത്രമാണ്.

സപ്തമാതൃക്കളിൽ പ്രധാനി ചാമുണ്ഡയാണ്. മാതൃനായിക എന്നാണ് പൊതുവേ ചാമുണ്ഡ അറിയപ്പെടുന്നത്. മാംസമാണ് ചാമുണ്ഡയുടെ ഇഷ്ടഭക്ഷണം. സദാസമയവും വിശന്നിരിക്കുന്നവളും ഒട്ടിയവയറോട് കൂടിയവളും കറുത്ത നിറമുള്ളവളും മെലിഞ്ഞ് വിരൂപയുമായവളാണ് ഇവൾ. ചാമുണ്ഡയ്ക്ക് മൂന്ന് ധ്യാനഭേദങ്ങളാണ് ഉള്ളത്. എട്ട് കൈകൾ, നാല് കൈകൾ, രണ്ട് കൈകൾ എന്നിങ്ങനെ. ഈ ചാമുണ്ഡയാണ് കാപാലികന്മാരെന്ന ശൈവ

ത്തിലെ അവാന്തരവിഭാഗക്കാരുടെ പ്രധാന ആരാദ്ധ്യ ദേവത. കാപാലിക ആചാരങ്ങളെ ഓർമ്മിപ്പിക്കുന്നവണ്ണം മന്നംപുറത്ത്, കളരിവാതുക്കൽ, മാടായിക്കാവ് തുടങ്ങിയ ശാക്തേയക്കാവുകളിലെല്ലാം തന്നെ ക്ഷേത്രമതിലിന് പുറത്തായി എന്നാൽ ക്ഷേത്രഭൂമിയിൽ തന്നെ ഒരു ശ്മശാനവും ഉള്ളതായിക്കാണാം. ഇത്തരം ശ്മശാനങ്ങളെ ശാക്തേയബ്രാഹ്മണർ വിളിക്കുന്നത് തിരുനെല്ലി എന്നാണ്.

ബ്രഹ്മയാമളമനുസരിച്ച് ചാമുണ്ഡാക്ഷേത്രങ്ങൾ രുരുജിത്, ദാരുകജിത് എന്നിങ്ങനെ രണ്ട് തരത്തിലാണ്. സപ്തമാതൃക്കളും ദേവിയും ഒരേ ശ്രീകോവിലിലാണെങ്കിൽ അത് രുരുജിത്. രുരുജിത് യുദ്ധപ്രധാനയായ ദേവിയായതിനാൽ ഉഗ്രസ്വരൂപിണിയാണ്. ദേവി വേറെയും സപ്തമാതൃക്കൾ വേറെയുമാണെങ്കിൽ ദാരുകജിത്. ദാരുകജിത് ദേശരക്ഷയ്ക്ക് വേണ്ടിയാണ് നിലകൊള്ളുന്നത്. ഈ അർത്ഥത്തിൽ വളയനാട് കാവ് ദാരുകജിത് കാവാണ്. അതാകട്ടെ ഒരു ദേശത്തിന്റെ ഐശ്വര്യത്തിനും ക്ഷേമത്തിനും കണക്കാക്കി നിർമ്മിക്കപ്പെട്ടിട്ടുള്ളതാണെന്ന് ഈ നിർവ്വചനത്തിൽ നിന്ന് മനസ്സിലാക്കാം.

കേരളത്തിലെ ചാമുണ്ഡാ ക്ഷേത്രങ്ങൾ കേരളത്തിലെ മറ്റ് ക്ഷേത്രങ്ങളിൽ നിന്നും എല്ലാം കൊണ്ടും വ്യത്യസ്തമാണെന്ന് പറഞ്ഞുകഴിഞ്ഞു. ഈ പ്രത്യേകത അവിടങ്ങളിലെ പ്രധാനപൂജാരിമാരുടെ കാര്യത്തിലും കാണാൻ സാധിക്കും. മേൽപ്പറഞ്ഞവയിൽ മന്നംപുറത്ത് കാവുമുതൽ പിഷാരിക്കാവ് വരെയുള്ള കാവുകളിൽ പിടാരന്മാർ ആണ് നിത്യപൂജകൾ നിർവഹിക്കുന്നത്. എന്നാൽ മറ്റ് മൂന്നു കാവുകളിലും മൂസ്സതുമാരാണ് ശാന്തിക്കാർ. മൊത്തത്തിൽ പിടാരന്മാർ അല്ലെങ്കിൽ മൂസ്സതുമാർ എന്ന് വിഭാഗവും അടികൾ എന്ന വേറൊരു വിഭാഗവും ഇങ്ങനെ രണ്ട് വിഭാഗക്കാരാണ് ഈ ക്ഷേത്രങ്ങളിലെ ആരാധനകൾ നിർവ്വഹിക്കുന്നത്. ഇതിൽ ഉത്തരമലബാർ, ദക്ഷിണമലബാർ എന്നിവിടങ്ങളിലുള്ള പിടാരന്മാർ, മൂസ്സത് വിഭാഗക്കാരുടെ പൂജകൾക്ക് ചരിത്രപരവും സാംസ്കാരികപരവുമായ ചില സവിശേഷതകളുണ്ട്. ഒന്നാമതായി ഇവർ പുറത്ത് നിന്നും വന്നവരാകാം എന്നുള്ളതിനാൽ കേരളത്തിലെ ആരാധനാരീതികളിൽ നിന്നും വ്യത്യാസം വരാം. ഇവർ പുറത്ത് നിന്നും വന്നതാണെങ്കിൽ രണ്ട് വഴികളിലൂടെയാണ് വന്നിരിക്കാൻ സാദ്ധ്യത കാണുന്നത്. ഒന്ന് ചിദംബരം വഴിയും രണ്ട് ഒറീസ, ബംഗാൾ വഴിയും. ഈ രണ്ട് ദേശത്തിന്റെയും ആരാധനാസംപ്രദായത്തിന്റെ അടയാളങ്ങൾ ഈ ശാക്തേയബ്രാഹ്മണരുടെ പൂജയിൽ പ്രത്യേകിച്ചും അവരുടെ താളിയോലകളിൽ കാണാൻ സാധിക്കും.

**പരസ്യവും രഹസ്യവുമായ ആരാധനാ ദേവതകൾ**

മന്നംപുറത്ത് കാവ് തുടങ്ങി പിഷാരിക്കാവ് വരെയുള്ള ശാക്തേയ

ക്കാവുകളിലെ ആരാധനയ്ക്ക് രണ്ട് തലങ്ങൾ ഉണ്ട്. ഒന്ന് പ്രകടമായ തലം. ഇത് ചാമുണ്ഡയുടെ ആരാധനയുമായി ബന്ധപ്പെട്ടതാണ്. രണ്ടാമത്തേത് രഹസ്യമായ ആരാധനയുടെ തലം. ഇത് കാശ്മീരിലെ ശാക്ത-ശൈവ വിഭാഗത്തിൽ പെടുന്ന ക്രമം, ത്രികം, ത്രൈപുരം എന്നിവയുമായി ബന്ധപ്പെട്ട ദേവതകളുടെ ആരാധന. ഇതിൽ ചാമുണ്ഡയുടെ ആരാധനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുൻപ് സംക്ഷിപ്തമായി പരാമർശിച്ച് കഴിഞ്ഞു. അതിനാൽ രഹസ്യ ആരാധനയെ കുറിച്ച് ചെറുതായി ഒന്ന് പരാമർശിക്കാം. ക്രമം, ത്രികം, ത്രൈപുരം എന്നിവ കാശ്മീരിൽ ഉടലെടുത്തതും എട്ട് മുതൽ പതിമൂന്ന് വരെയുള്ള നൂറ്റാണ്ടുകളിൽ അവിടെ ഏറെ പ്രചാരത്തിലുള്ളവയുമായിരുന്നു. ക്രമം തന്നെയാണ് മഹാർത്ഥം എന്ന് അറിയപ്പെടുന്നത്. ത്രികത്തിന്റെ വേറൊരു പേരാണ് അനുത്തര എന്നത്. ഇതിൽ ക്രമത്തിലെ പ്രധാന ദേവത കാലസങ്കർഷിണിയും ത്രികത്തിലെ പരയുമാണ്. ക്രമം എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ഇന്ദ്രിയസംവേദ്യമായ നമ്മുടെ എല്ലാ അറിവുകൾക്കും സൃഷ്ടി, സ്ഥിതി, സംഹാരം, അനാഖ്യ, ഭാസ എന്നിങ്ങനെ അഞ്ച് തലങ്ങളുണ്ടെന്നും ഇവ ശിവൻ ചെയ്യുന്ന പ്രവൃത്തികളായ സൃഷ്ടി, സ്ഥിതി, സംഹാരം, തിരോധാനം, അനുഗ്രഹം എന്നിവ തന്നെയാണെന്നുമാണ്. അതായത് ശിവൻ തന്നെയാണ് ജീവൻ, ശിവൻ ചെയ്യുന്ന അഞ്ച് പ്രവൃത്തികളാണ് ജീവനും ചെയ്യുന്നത്. ഇത് തിരിച്ചറിയുന്നതിനുള്ള വഴികളാണ് ക്രമത്തിൽ പറഞ്ഞിരിക്കുന്നത്. ഇതിൽ പ്രമാതൃവിശ്രാന്തിയെന്ന തലത്തെയാണ് കാലസങ്കർഷിണി പ്രതിനിധാനം ചെയ്യുന്നത്. ഈ ക്രമം കാശ്മീരിൽ നിന്നും പന്ത്രണ്ടാം നൂറ്റാണ്ടോടെ ദക്ഷിണേന്ത്യയിൽ എത്തുകയും അവിടെ ശിവാനന്ദൻ വഴി ഒരു ദക്ഷിണേന്ത്യൻ പരമ്പര രൂപപ്പെട്ട് വരുകയും ചെയ്യുന്നു. തുടർന്ന് മഹാപ്രകാശാനന്ദൻ, മഹേശ്വരാനന്ദൻ എന്നിവരിലൂടെ ഈ പരമ്പര മുന്നോട്ട് പോകുന്നു. ഈ പരമ്പരയിലെ അവസാന കണ്ണിയായ മഹേശ്വരാനന്ദൻ തന്റെ മഹാർത്ഥമഞ്ജരിയിൽ ദേവപാണിയെന്ന ആചാര്യന്റെ പൂജാസംപ്രദായമാണ് താൻ പിന്തുടരുന്നതെന്ന് പ്രസ്താവിക്കുന്നുണ്ട്. മഹാർത്ഥമഞ്ജരിയിൽ പറഞ്ഞ പൂജാസംപ്രദായവും മൂസ്സത് മാരുടെ താളിയോലകളിൽ കാണുന്ന പൂജാ സംപ്രദായവും ഒന്നുതന്നെയാണ്. അതിനാൽ അനുമാനിക്കാവുന്നത് ദേവപാണി സംപ്രദായമാണ് മൂസ്സതുമാരിൽ എത്തിച്ചേർന്നത് എന്നാണ്. എന്നാൽ ത്രികത്തിന്റെ കാര്യത്തിൽ ശിവാനന്ദന് മുൻപ് തന്നെ അത് ദക്ഷിണേന്ത്യയിൽ എത്തിച്ചേർന്നതിന്റെ തെളിവുകൾ ഉണ്ട്. എന്തായാലും ശിവാനന്ദൻ വഴിയാണ് ത്രികം, ക്രമം, എന്നിവ കേരളത്തിലെത്തുന്നത് എന്ന് അനുമാനിക്കാം. ഒരു പക്ഷേ ഇന്ത്യയിൽ ഈ ദേവതകൾക്ക് ഇന്നും ആരാധന ലഭിക്കുന്ന കേന്ദ്രങ്ങൾ മേൽപറഞ്ഞ പതിനൊന്ന് ശാക്തേയക്കാവുകൾ മാത്രമായിരിക്കാം. അതിനാൽ തന്നെ ഈ പതിനൊന്ന് കാവുകൾക്കും ചരിത്രപരവും സാംസ്കാരികവുമായ പ്രാധാന്യമുണ്ട്. തന്ത്രത്തിലെ ആരാധാനാസരണിയിൽ ഏറ്റവും ഉയർന്ന രീതിയിലുള്ള ഒന്നായിട്ടാണ് ക്രമം, ത്രികം, ത്രൈപുരം എന്നീ സംപ്രദായങ്ങളെ കാണുന്നത്. ഇത് ചെറിയതോ

തിലെങ്കിലും നിലവിലുള്ള ഈ ശാക്തേയക്കാവുകളെ വിളിക്കുന്നതാവട്ടെ മധ്യമം, അഥവാ അധമം എന്നും. ഇത് എത്ര വിചിത്രം.

**ആരാധനയുടെ യഥാർത്ഥ അവകാശികൾ**

ചാമുണ്ഡാ ക്ഷേത്രത്തിലെ പൂജാരിമാരെ കുറിച്ച് പരാമർശിക്കുമ്പോൾ പാരമ്പര്യഗ്രന്ഥങ്ങൾ ഇതിനെ എങ്ങനെ പരാമർശിക്കുന്നുവെന്ന് നോക്കാം. ദക്ഷിണേന്ത്യൻ ബ്രഹ്മയാമളം, ഈശാനശിവഗുരുദേവപദ്ധതി എന്നിവയനുസരിച്ച് പാരശവൻ ആണ് ചാമുണ്ഡയെ പൂജിക്കാൻ അധികാരി. പാരശവനെന്നാൽ ബ്രാഹ്മണന് ശൂദ്രസ്ത്രീയിൽ ഉണ്ടായ സന്താനം. ബ്രാഹ്മണന് ഈ ക്ഷേത്രങ്ങളിൽ പൂജ ചെയ്യാനോ താന്ത്രികാവകാശം കയ്യാളാനോ യാതൊരു അവകാശവും പരമ്പരാഗതഗ്രന്ഥങ്ങളുടെ ദൃഷ്ടിയിൽ ഇല്ല തന്നെ. ഇതിന് തെളിവായി പറയാവുന്നത് മുൻകാലങ്ങളിൽ ശാക്തേയക്കാവുകളിൽ കേരളത്തിലെ നമ്പൂതിരിമാർക്ക് താന്ത്രികാവകാശം ഉണ്ടായിരുന്നില്ല എന്നതാണ്. എന്നാൽ ഇന്ന് എല്ലാ ചാമുണ്ഡാ ക്ഷേത്രങ്ങൾക്കും ബ്രാഹ്മണ തന്ത്രിമാരുണ്ടെന്നുള്ളതാണ് വേറൊരു വൈപരീത്യം. മാത്രവുമല്ല ഈ കാവുകളിലെ നിത്യവും നൈമിത്തികവുമായ ചടങ്ങുകൾ അവർ തീരുമാനിച്ച് തുടങ്ങിയിരിക്കുന്നുവെന്നത് അതിലേറെ ആശങ്കാജനകമാണ്. മാംസഭക്ഷണ പ്രിയയായ ചാമുണ്ഡയുമായിട്ടോ ശൈവ-ശാക്തപാരമ്പര്യത്തിൽ പെട്ട ക്രമം, ത്രികം എന്നിവയുമായോ യാതൊരു ബന്ധവുമില്ലാത്തവർ ഇത്തരം കാവുകളും തങ്ങൾക്കധീനമാക്കി ആരാധനാവൈവിദ്ധ്യത്തെ തകർക്കുന്നതിന് നമ്മൾ ഇന്ന് സാക്ഷ്യം വഹിക്കുന്നു. ഇതിലൂടെ കാശ്മീരത്തിൽ നിന്നും കേരളത്തിലെത്തിയ ഒരു മഹത്തായ പാരമ്പര്യം, അതായത് പ്രപഞ്ചത്തിലുള്ള ഒന്നും ഒന്നിനേക്കാളും മുകളിലുമല്ല, താഴേയുമല്ല എന്നും എല്ലാത്തിലും ചേതന ഒരുപോലെ ഒരേ അളവിൽ പരിലസിക്കുന്നു എന്ന് ഉദ്ഘോഷിച്ച ഒരു ദർശനത്തിന്റെ പിന്തുടർച്ച, നമ്മളുടെ ജീവിതകാലത്ത് തന്നെ നമ്മൾക്ക് മുന്നിൽ എരിഞ്ഞടങ്ങുന്ന സ്ഥിതിവിശേഷത്തിന് നമ്മളെല്ലാം സാക്ഷികളാകുന്നു. ആരാധനാ വൈവിദ്ധ്യത്തിലാണ് ദേവതകളും അഭിരമിക്കുന്നുണ്ടാവുക, അല്ലാതെ ഏകശിലാത്മകമായ ആചാരാനുഷ്ഠാനങ്ങളിൽ ആവില്ല. കാരണം ദേവീദേവന്മാർ നമ്മുടെ തന്നെ പ്രതിബിംബങ്ങൾ ആണല്ലോ.

ഔഷധസസ്യങ്ങൾ – 46

# കശുമാവ്(പറങ്കിമാവ്)

ഉണ്ണികൃഷ്ണൻ കിഴുത്താണി ഫോൺ : 0480 2832108

പറങ്കികൾ കൊണ്ടുവന്നതുകൊണ്ട് പറങ്കിമാവ് എന്നറിയപ്പെടുന്നു. അനാകാർഡിയേസി കുടുംബത്തിൽപ്പെട്ട പറങ്കിമാവിന്റെ ശാസ്ത്രനാമം അനാകാർഡിയം ഓക്സിഡന്റേൽ എന്നാണ്. സംസ്കൃതത്തിൽ ഖജ്ജൂതകം എന്ന് പറയുന്നു.

മരപ്പട്ട, ഫലം, കറ എന്നിവ ഔഷധാവശ്യങ്ങൾക്കായി ഉപയോഗിയ്ക്കുന്നു. വാതംശമിപ്പിയ്ക്കും. ശാരീരികക്ഷമത വർദ്ധിപ്പയക്കും. കശുവണ്ടിയുടെ തോടിൽനിന്നെടുക്കുന്ന എണ്ണ കൃമിനാശിനിയായി ഉപയോഗിയ്ക്കുന്നു. കറയ്ക്ക് അണുനാശകശക്തിയുണ്ട്. ഛർദ്ദി, അതിസാരം, ഗ്രഹണി തുടങ്ങിയ അസുഖങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഔഷധമായ കശുമാങ്ങാനീര് ദാഹശമനിയായും ഉപയോഗിയ്ക്കുന്നു. കശുമാവിൻപട്ട(തോല്) ഇട്ടുതിളപ്പിച്ച വെള്ളം ഉപയോഗിച്ച് കുളിച്ചാൽ വാതരോഗികൾക്ക് വേദനക്കുറവും, സൌഖ്യവും ലഭിയ്ക്കും. ഇതുതന്നെ നന്നായി കുറുക്കിയെടുത്ത് ചെറുചൂടോടുകൂടി വളംകടി, ചർമ്മരോഗങ്ങൾ, ഉള്ളംകാലും ഉപ്പൂറ്റിയും വെടിച്ചുകീറുക എന്നീ അസുഖഭാഗങ്ങളിൽ ധാരകോരാൻ ഉപയോഗിച്ചാലും അസുഖത്തിന് ശമനം കിട്ടും. കശുവണ്ടിയുടെ തൊണ്ടിൽനിന്ന് ലഭിയ്ക്കുന്ന എണ്ണ വളംകടി, കാൽവെടിച്ചുകീറൽ തുടങ്ങിയ അസുഖങ്ങൾക്ക് പുറമെപുരട്ടാനായി ഉപയോഗിയ്ക്കാറുണ്ട്. ധാതുക്ഷയം, പ്രസാവനന്തരക്ഷീണം, ലൈംഗിക അപാകതകൾ, കുറഞ്ഞരക്തസമ്മർദ്ദം തുടങ്ങിയവയ്ക്ക് ദഹനംപോലെ പത്തുമുതൽ മുപ്പതുഗ്രാം വരെ അണ്ടിപ്പരിപ്പ് പാലിൽ അരച്ചുകലക്കി കഴിയ്ക്കുന്നത് ഫലപ്രദമാണെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ പതിവായി നാലോ അഞ്ചോ അണ്ടിപ്പരിപ്പ് തിന്നുന്നത് ഹൃദയധമനികളിൽ കൊഴുപ്പ് കട്ടപിടിച്ച് അടയുന്നതുമൂലമുള്ള ഹൃദ്രോഹം വരാതിരിയ്ക്കാൻ സഹായിയ്ക്കുമെന്ന് ആധുനിക പഠനങ്ങളും തെളിവ് നൽകുന്നു.



RNI Registration Number – KERMAL/2012/56910



Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712.
Editor: D.Prakash

ISSN:2583-2484

*Scan the QR code for free download*